2017 മെയ് 10
വാല്യം 10
ലക്കം 09

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ദൈവ നിശ്വാസ്യതയ്ക്കെതിരെ ന്യൂജൻമാർ വീണ്ടും

പഴയനിയമവും പുതിയനിയമവും ഒരുമിച്ച് കൂട്ടികെട്ടിയതുകൊണ്ട് അത് പൂർണ്ണ ബൈബിൾ ആകുന്നില്ല. പഴയനിയമത്തിൽ ദൈവത്തെക്കുറിച്ച് വ്യക്തമായ വെളിപ്പാടില്ലെന്നും മോശെ എഴുതിയത് പലതും ദൈവത്തിൽ നിന്നല്ലെന്നും ഉള്ള തങ്കു ബ്രദറിന്റെ പ്രസംഗം വിവാദമാകുന്നു. ഹെവൻലി ഫീസ്റ്റ് സ്ഥാപകനായ തങ്കു ബ്രദറിന്റെ പ്രസ്താവനകൾ പലതും മുമ്പും വിവാദമായിരുന്നു. ഹെവൻലി ഫീസ്റ്റിന്റെ ഏതോ മീറ്റിംഗിൽ താൻ പ്രസംഗിക്കുന്ന വീഡിയോ ക്ലിപ്പാണ് നവമാധ്യമങ്ങളിൽ പ്രചരിക്കുന്നത്. എന്നാൽ വർഷങ്ങൾക്ക് മുമ്പ് നടത്തിയ പ്രസംഗമാണെന്ന വാദവും ഉയർന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ തന്റെ നിലപാട് ഇതുമായി ബന്ധപ്പെട്ട് മാറ്റം വന്നോ എന്ന് വ്യക്തതയില്ല. ഇതിനുമുമ്പും ഇത്തരം പഠിപ്പിക്കലുകളുമായി ധാരാളം പേർ രംഗത്ത് എത്തിയിട്ടുണ്ട്. മുഖ്യധാര പെന്തെക്കോസ്തിൽ പോലും ഇത്തരം ചിന്തകൾ വെച്ചുപുലർത്തുന്ന ധാരാളം ശുശ്രൂഷകരുണ്ട്. ചില സഭകളിൽ സങ്കീർത്തനം വായന, പഴയനിയമത്തിൽനിന്നുള്ള പ്രസംഗം ഇവ വിലക്കിയിട്ടുള്ളതായി അറിയാം.




മോശൈക ഗ്രന്ഥങ്ങൾ ദൈവത്തിൽ നിന്നുള്ളതല്ല എന്ന തങ്കു ബ്രദറിന്റെ വാദം ശുദ്ധ അസംബന്ധമാണ്. കാരണം അപ്പൊസ്തലന്മാരും ക്രിസ്തുവും ഇതിൽ നിന്നുള്ള ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് പുതിയനിയമത്തിൽ കാണുവാൻ കഴിയും. മാത്രമല്ല പഴയനിയമത്തിൽ ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട് സ്പഷ്ടമാണ്. ഉല്പത്തി മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളിൽ ക്രിസ്തുവിന്റെ ജനനം, ജീവിതം, കഷ്ടാനുഭവം, മരണം, പുനരുത്ഥാനം, മടങ്ങിവരവ് തുടങ്ങി പുതിയനിയമത്തിൽ സംഭവിച്ചതും സംഭവിക്കാനുള്ളതുമായ കാര്യങ്ങളെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വരുവാനുള്ള ന്യായവിധിയെക്കുറിച്ചും പഴയനിയമം വ്യക്തമാക്കുന്നു. വേദപഠിതാക്കൾക്ക് ഇതെല്ലാം വ്യക്തമായിരിക്കെ ബൈബിൾ പൂർണ്ണമല്ലെന്നും വികലമാണെന്നും വരുത്തുവാനുള്ള ശ്രമങ്ങൾ ആശാസ്യമല്ല. ബൈബിൾ പൂർണ്ണമല്ല, യേശു ദൈവം അല്ല എന്നൊക്കെ വാദിക്കുന്ന എം. എം. അക്ബറിനെപ്പോലെയുള്ളവർക്ക് വാദിക്കാനും ആഘോഷിക്കാനും മാത്രമേ ഇത്തരം വിവാദങ്ങൾ ഉപകരിക്കുകയുള്ളൂ. ബ്രദർ തങ്കു മാത്രമല്ല പുതിയനിയമം മാത്രം ശരി എന്ന് ചിന്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ധാരാളം പേർ പെന്തെക്കോസ്തിന്റെ ലേബലിൽ ഇവിടെയുണ്ട്.

അതിനിടയിൽ പരിശുദ്ധാത്മാവ് ത്രിത്വത്തിലെ സ്ത്രീസാന്നിധ്യമാണെന്നും പിതാവും പുത്രനും കൂടിയാണ് പരിശുദ്ധാത്മാവിനെ സംരക്ഷിക്കുന്നതെന്നും പരിശുദ്ധാത്മാവ് അമ്മയാണെന്നുമൊക്കെ ഉള്ള വാദവുമായി ജോൺ ലോറൻസ് രംഗത്ത് വന്നിരിക്കുന്നു. അല്പജ്ഞാനം അധികം ആപത്തിനു കാരണമാകും എന്നത് ഇത്തരം 'പണ്ഡിതന്മാരുടെ' പ്രസ്താവനയിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. വാൾ എടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന നിലയിലായിരിക്കുന്നു കാര്യങ്ങൾ.

ദൈവസഭയുടെ പ്രാരംഭ കാലം മുതൽ തന്നെ ഇത്തരം പഠിപ്പിക്കലുകൾ ഉണ്ടായിരുന്നു. ബൈബിളിന്റെ ദൈവനിശ്വാസ്യത, ക്രിസ്തുവിന്റെ ദൈവത്വം, പരിശുദ്ധാത്മാവിന്റെ ആളത്വം ഇവയെല്ലാം ചോദ്യം ചെയ്യുന്ന വ്യക്തികളും സംഘങ്ങളും എഴുന്നേറ്റിരുന്നു. എന്നാൽ അതിനെയെല്ലാം അതിജീവിക്കുവാൻ സഭയ്ക്കും ദൈവവചനത്തിനും സാധിച്ചു.

ഇത്തരം വിവാദങ്ങൾ ഉടലെടുക്കുമ്പോൾ ഉപദേശസംബന്ധമായി വ്യക്തമായ നിലപാടും ശരിയായ പഠിപ്പിക്കലും എന്താണ് എന്ന് വിശ്വാസികളെ ബോധ്യം വരുത്തേണ്ടത് മുഖ്യധാര പെന്തെക്കോസ്ത് നേതാക്കന്മാരുടെ കടമയാണ്. എന്നാൽ അവർ കളിക്കുന്ന രാഷ്ട്രീയം ഇത്തരം പഠിപ്പിക്കലുകളേക്കാൾ അപകടകരമാണ്. കാരണം തങ്കു ബ്രദർ പ്രസംഗം നടത്തിയത് തന്റെ സഭയിലാണ്. മുഖ്യധാര പെന്തെക്കോസ്ത് സഭകളിൽ അല്ല. എന്നാൽ അത്തരം ഉപദേശങ്ങൾ തങ്ങളുടെ സഭയിൽ കടന്നുകയറാതെ സൂക്ഷിക്കേണ്ട ആത്മീയ നേതൃത്വം ആത്മീയ ദൃഷ്ടിയുടെ ശോഭ നഷ്ടപ്പെട്ട് അധികാരം ഉറപ്പിക്കുവാനുള്ള നെട്ടോട്ടത്തിലാണ്.

# കേരളം സാത്താന്യ ആരാധനയുടെ പിടിയിലേക്കോ?

● പാസ്റ്റർ ഷൈജു തോമസ്

സാത്താൻ സഭയുടെ വീക്ഷണത്തിൽ സകല ഭൗതിക കാര്യങ്ങളെയും ഭരിക്കയും നയിക്കയും ചെയ്യുന്ന, പ്രകൃതിയിൽ മറഞ്ഞിരിക്കുന്ന ഒരു കറുത്ത ശക്തിയാണ് സാത്താൻ. മനുഷ്യന്റെ യഥാർത്ഥമായ പ്രകൃതി കാമാന്ധതയും അഹങ്കാരവും തന്നിഷ്ടവും സുഖജീവിതത്തോടുള്ള ആസക്തിയും ഒക്കെയാണെന്ന് അയാൾ പഠിപ്പിച്ചു. ജഡവും ജഡീക ഇച്ഛകളും നിരസിക്കപ്പെടേണ്ട തിന്മയല്ല, ആഘോഷിക്കേണ്ട നന്മയാണെന്നാണ് സാത്താൻ സഭ കരുതുന്നത്. നമുക്ക് നേട്ടമുണ്ടാക്കേണ്ടിടത്ത് തടസ്സമായി നിൽക്കുന്നവർ ആരുതന്നെയായാലും ശപിക്കപ്പെടേണ്ടവരാണെന്നു സാത്താൻ സഭ പറയുന്നു. എല്ലാ വ്യവസ്ഥാപിത മാർഗ്ഗങ്ങളെയും എതിർക്കുകയും, പ്രതികാരവും വിഷയാസക്തിയും സ്വയം സംതൃപ്തിയുമാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ശത്രുക്കൾ വെറുക്കപ്പെടേണ്ടവരും തകർക്കപ്പെടേണ്ടവരും ആണെന്ന് സാത്താൻ സഭ വിശ്വസിക്കുന്നു. സുഖഭോഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന ധാർമികസദാചാര ആശയങ്ങളും അതുപദേശിക്കുന്ന ശക്തികളും അഭിശപ്തരാണ്. ഭോഗതൃഷ്ണയും മൃഗീയമായ പ്രതികാരവാഞ്ചയുമാണ് ഇവരുടെ മുഖമുദ്ര.



അതീവ അപകടകരമായ ആശയങ്ങളാണ് സാത്താൻ സഭയുടെ അനുയായികൾ പങ്കുവച്ചു നല്കിക്കൊണ്ടിരിക്കുന്നത്. ഇവർക്കിടയിൽ ലൈംഗിക ആസക്തികൾക്കു പ്രത്യേക പരിഗണനയും പരിവേഷമുണ്ടായിരുന്നു. ഗ്രോട്ടോസ് എന്ന പേരിലുള്ള സങ്കേതങ്ങൾ സ്ഥാപിച്ചാണു ചർച്ച് ഓഫ് സാത്താൻ അംഗങ്ങൾ ഒന്നിച്ചു ചേർന്നിരുന്നത്. പതിനാറാം നൂറ്റാണ്ടുമുതൽ പ്രചാരത്തിൽ വന്നതും മന്ത്രവാദികൾ ഉപയോഗിക്കുന്നതുമായ ഇനോക്കിയൻ ഭാഷയായിരുന്നു ലാവേ തന്റെ അനുഷ്ഠാനങ്ങളിൽ ഉപയോഗിച്ചിരുന്നത്.

സാത്താൻ സഭ വിവിധ ഗഹ്വരങ്ങളായി സംഘടിക്കപ്പെട്ടിരിക്കുന്നു. ആടിന്റെ തല മുദ്രണം ചെയ്ത, 'ബാഫൊമെത്'എന്നു വിളിക്കപ്പെടുന്ന ഒരു പഞ്ചഭുജ നക്ഷത്രം സാത്താൻ സഭയുടെ ചിഹ്നമായി അംഗീകരിക്കപ്പെട്ടു. 1961 ൽ ലാവെ എഴുതിയ 'സാത്താന്യ ബൈബിൾ' (The Satanic Bible) പരക്കെ സ്വീകരിക്കപ്പെടുകയുണ്ടായി. 'സാത്താന്യ മന്ത്രവാദിനി, സാത്താന്യ അനുഷ്ഠാനങ്ങൾ' 'പിശാചിന്റെ കുറിപ്പു പുസ്തകം, സാത്താൻ സംസാരിക്കുന്നു തുടങ്ങിയവയാണ് ലാവെയുടെ പ്രചാരം സിദ്ധിച്ച മറ്റു ഗ്രന്ഥങ്ങൾ. സാത്താൻ സഭയിൽ രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന് യാഥാസ്ഥിതിക സാത്താനിസം. സാത്താനെ ദൈവമായി കണ്ട് ആരാധിക്കുന്നവരാണിവർ. മായാജാലത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇവർ പലവിധത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ സംഘടിപ്പിക്കുന്നു. ലൂസിഫറേയ്നിസം, പല്ലാഡിസ്, ഉദാരതയുള്ള സാത്താനിസം, പ്രതീകാത്മക സാത്താനിസം എന്നിവയാണ് ഇതിന്റെ ഉപവിഭാഗങ്ങൾ.

-തുടർച്ച-

(തുടരും)

## സാക്ഷി



മൂന്നാറിൽ പൊളിച്ച കുരിശ് കള്ളന്റെ കുരിശാണെന്ന് രാഷ്ട്രീയ നേതാവ്

*നമ്മുടെ ഇടയിലും ചില ജീവനുള്ള കുരിശുകൾ ഉണ്ടല്ലോ. അത് എന്നാണാവോ പൊളിക്കുന്നത്.*

# കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് വിശ്വാസങ്ങൾ വളർച്ചയുടെ പാതയിൽ

● പ്രകാശ് പി. കോശി



വത്തിക്കാന്റെ പുതിയ സർവ്വേപ്രകാരം കത്തോലിക്കാ സഭയ്ക്ക് 2010 – 15 കാലയളവിൽ ലോകത്താകമാനം 7.4 ശതമാനം വളർച്ചയുണ്ടായി. ഏകദേശം 128 കോടി ജനങ്ങൾ കത്തോലിക്ക സഭയിൽ അംഗങ്ങളാണ്. സഭയ്ക്ക് ഏറ്റവും കൂടുതൽ വളർച്ചയുണ്ടായത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ്. ഇവിടെ ജനസംഖ്യയുടെ 19.4% പേർ കത്തോലിക്കരാണ്.

കത്തോലിക്ക ജനസംഖ്യയിൽ 49% പേർ തെക്ക് – വടക്ക് അമേരിക്കയിൽ ആണ്. യൂറോപ്പിൽ ഇവരുടെ ജനസംഖ്യ 22.2% വും ആഫ്രിക്കയിൽ 17.3% വും ഏഷ്യയിൽ 11.3% വും ആണ്.

**പ്രൊട്ടസ്റ്റന്റ് വിശ്വാസവും വളരുന്നു**

ദ സെന്റർ ഫോർ സ്റ്റഡി ഓഫ് ഗ്ലോബൽ ക്രിസ്ത്യാനിറ്റിയുടെ സർവ്വേ പ്രകാരം മാർട്ടിൻ ലൂഥറിൽ നിന്ന് 500 വർഷങ്ങൾക്ക് ശേഷം 1917–ൽ എത്തി നിൽക്കുമ്പോൾ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന് 56 കോടി അംഗങ്ങളാണ് ഉള്ളത്. ലോകത്താകമാനം ഉള്ള പ്രൊട്ടസ്റ്റന്റ് വിശ്വാസികളിൽ 41% പേരും ആഫ്രിക്കയിലാണ്. കത്തോലിക്ക വിശ്വാസത്തിനും ഏറ്റവും കൂടുതൽ വളർച്ചയുള്ളത് ആഫ്രിക്കയിലാണ്.

കഴിഞ്ഞ ഒരു നൂറ്റാണ്ട് കൊണ്ട് 13 കോടി അംഗങ്ങളിൽ നിന്ന് പ്രൊട്ടസ്റ്റന്റ് വിശ്വാസം 56 കോടിയായി. അമേരിക്കൻ ഐക്യനാടുകളിലും നൈജീരിയിലും, ബ്രസീലിലും ആണ് ഏറ്റവും കൂടുതൽ അംഗങ്ങൾ ഈ വിശ്വാസത്തിലുള്ളത്. യൂറോപ്പിൽ 16% കുറവുണ്ടായപ്പോൾ ഏഷ്യ ആഫ്രിക്ക ഭൂഖണ്ഡങ്ങളിൽ സഭകൾക്ക് ശക്തമായ വളർച്ചയാണുണ്ടായത്. 2050 ആകുമ്പോഴേക്കും ലോകത്താകമാനം 87 കോടി പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ ഉണ്ടാകും എന്ന് സർവ്വേ പറയുന്നു.

ചൈനയിലെ TSPM-ഉം ബ്രസീലിലെ A. G -യും ആണ് ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള സഭകൾ.

PEW-സർവ്വേ പ്രകാരം

06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഈ കുരിശ് കയ്യേറ്റത്തിന്റെ അടയാളമോ അതോ കള്ളന്റേതോ?






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

മൂന്നാർ കയ്യേറ്റവും കുടിയൊഴിപ്പിക്കലും വിവാദമായിരിക്കുന്ന സമയമാണല്ലോ ഇത്. മൂന്നാറിൽ കയ്യേറ്റമല്ല കുടിയേറ്റം മാത്രമാണ് നടന്നിട്ടുള്ളത് എന്ന് ചില രാഷ്ട്രീയക്കാർ വാദിക്കുമ്പോൾ കയ്യേറ്റമാണെന്ന നിലപാടിലാണ് റവന്യൂവകുപ്പും അത് ഭരിക്കുന്ന വലതുകമ്മ്യൂണിസ്റ്റ് പാർട്ടിയും ഏതായാലും ഇതിന്റെ പേരിൽ വർഷങ്ങളായി നടക്കുന്ന പോര് അവസാനിക്കുന്ന മട്ടില്ല. വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രിയായിരുന്ന കാലത്ത് തന്റെ വിശ്വസ്തനായിരുന്ന സുരേഷ് കുമാറിനെ മുന്നിൽ നിർത്തി നടത്തിയ കുടിയൊഴിപ്പിക്കൽ പാതിവഴിയിൽ അവസാനിപ്പിക്കേണ്ടി വന്നു. കാലം മാറി വീണ്ടും ഇടതുപക്ഷം ഭരണത്തിലേറി. കുടിയൊഴിപ്പിക്കലിനെ എതിർക്കുന്ന മണിയാശാൻ ഉൾപ്പെടുന്ന മന്ത്രിസഭയുടെ കാലത്തുതന്നെ വീണ്ടും കയ്യേറ്റമൊഴിപ്പിക്കൽ നടക്കുന്നുവെന്നത് മറ്റൊരു വിരോധാഭാസം.

പ്രകൃതിയുടെ സന്തുലിനാവസ്ഥ തകിടം മറിക്കുന്ന നിലയിലാണ് മൂന്നാറിലും ഹൈറേഞ്ചിന്റെ മറ്റിടങ്ങളിലും റിസോർട്ട് മാഫിയയുടെ കടന്നുകയറ്റം. കുന്നുകൾ ഇടിച്ചുനിരത്തിയും കാടുകൾ വെട്ടിതെളിച്ചും ജലസ്രോതസ്സുകൾ നശിപ്പിച്ചും മുന്നേറുന്ന വിവിധ മാഫിയകൾ കേരളത്തിന്റെ അനുഗ്രഹീതമായിരുന്ന ഭൂപ്രകൃതിയും കാലാവസ്ഥയും മാറ്റിമറിച്ചിരിക്കുന്നു. അതിന്റെ തിക്താനുഭവങ്ങൾ കേരള ജനത ഇന്നനുഭവിക്കുകയാണ്. കുടിവെള്ളത്തിനായി നെട്ടോട്ടം ഓടുന്നു ജനങ്ങളുടെ കാഴ്ച പണ്ടത്തേതിനേക്കാൾ എത്രയോ ഇരട്ടിയാണ്. വികസിത രാജ്യങ്ങളിൽ പ്രകൃതിയോട് ഇണങ്ങുന്ന തരത്തിലുള്ള വികസനമാണ് നടക്കുന്നത്. ഒപ്പം മരം വെച്ചുപിടിപ്പിക്കുവാനുള്ള ശ്രമവും കാണാം. എന്നാൽ ഇവിടെ എല്ലാം നശിപ്പിക്കുവാൻ മാത്രമേ കഴിയുന്നുള്ളൂ. വെച്ചുപിടിപ്പിക്കുവാനോ ഹരിതാഭ നിലനിർത്തുവാനോ നമ്മൾ ശ്രമിക്കുന്നില്ല. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും കൈകോർക്കുമ്പോൾ മാഫിയകൾക്ക് തടസ്സങ്ങൾ ഇല്ലാതാകും. ഒരുകാലത്ത് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ഇത്തരം മാഫിയകൾക്ക് ഒത്താശ ചെയ്തുവന്നിരുന്നു. കാലം മാറിയപ്പോൾ ഇവർ തന്നെ മാഫിയകളായി മാറുന്നു എന്നതാണ് നമുക്ക് കാണുവാൻ കഴിയുന്ന യഥാർത്ഥ ചിത്രം.

ഇതിനിടയിൽ സ്പിരിറ്റ് ഇൻ ജീസസ് എന്ന കരിസ്മാറ്റിക് സംഘടന കുരിശ് സ്ഥാപിച്ച് ഇരുന്നൂറ് ഏക്കറിലധികം സ്ഥലം കയ്യേറിയത് വലിയ വിവാദമായി. അതീവ രഹസ്യമായി നടത്തിയ നീക്കത്തിലൂടെ റവന്യൂ വകുപ്പ് കുരിശ് നീക്കം ചെയ്തത് വലിയ ചർച്ചയായി മാറി. കുരിശ് നീക്കം ചെയ്തതിനു പിന്നിൽ ഗൂഢാലോചന ഉണ്ടെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവനയും അതിനു മറുപടിയായി തകർത്ത കുരിശ് ക്രിസ്തുവിന്റെ കുരിശല്ലെന്നും അത് കള്ളന്റെ കുരിശായിരുന്നുവെന്നും സി. പി. ഐ. നേതാവിന്റെ പ്രസ്താവന ഒട്ടേറെ ചർച്ച ചെയ്യപ്പെട്ടു. മാത്രമല്ല ത്യാഗത്തിന്റെയും സഹനത്തിന്റെയും അടയാളമായ കുരിശ് കയ്യേറ്റത്തിന്റെ അടയാളമായി മാറിയിരിക്കുന്നുവെന്ന് കത്തോലിക്ക ബിഷപ്പിന്റെ സ്വയവിമർശനവും ക്രിസ്ത്യാനിയുടെ ഇപ്പോഴത്തെ ധാർമ്മിക അധഃപതനത്തിന്റെ നേരെയുള്ള അമ്പുകളായി. ടോം സഖറിയ എന്ന കയ്യേറ്റക്കാരൻ മൂന്നാറിലെ പാപ്പത്തിചോലയിൽ കുരിശുകൃഷിയിലൂടെ ഭൂമി കയ്യേറിയപ്പോൾ തന്റെ ഒരു ബന്ധുവാഗമണ്ണിലും കുരിശുകൃഷിയിലൂടെ ഏക്കർ കണക്കിന് സർക്കാർ ഭൂമി കയ്യേറിയതായി വാർത്ത വന്നിരിക്കുന്നു. പന്ത്രണ്ട് ഏക്കർ സ്ഥലമാണത്രേ ഇങ്ങനെ കയ്യേറിയിരിക്കുന്നത്. പന്ത്രണ്ട് ഏക്കറിൽ പതിനഞ്ച് കുരിശുകൾ സ്ഥാപിച്ചാണത്രേ കയ്യേറ്റം സാധ്യമാക്കിയത്. തരിശായി കിടക്കുന്ന മലമുകളിലും കണ്ണായ റോഡ് വശങ്ങളിലുമൊക്കെ കുരിശ് സ്ഥാപിച്ച് നൂറുകണക്കിന് ഏക്കർ ഭൂമിയാണ് വിവിധ സഭകൾ കയ്യേറിയിരിക്കുന്നത് എന്നാണ് റിപ്പോർട്ട്. മൂന്നാറിൽ പെന്തെക്കോസ്ത് സഭകളും കയ്യേറ്റ ഭൂമികളിൽ ഉണ്ടെന്ന് പറഞ്ഞുകേൾക്കുന്നു. ക്രിസ്തുവിന്റെ പേരിൽ നടക്കുന്ന ഇത്തരം കയ്യേറ്റങ്ങളും കൃഷികളുമൊക്കെ ആരെ പ്രസാദിപ്പിക്കുവാനാണ്. ഒരു കാര്യം ഇവർ സ്ഥാപിക്കുന്ന കുരിശിലും പണിതുയർത്തുന്ന ആലയങ്ങളിലും ക്രിസ്തുവില്ല എന്നത് നഗ്ന സത്യം മാത്രം. അതുകൊണ്ട് തന്നെ ഇത്തരം കയ്യേറ്റങ്ങൾ ചിലരുടെ സ്വകാര്യ താല്പര്യങ്ങൾ മാത്രം. ത്യാഗത്തിന്റെ പ്രതീകമായ കുരിശ് കയ്യേറ്റത്തിന്റെ പ്രതീകമാകുമ്പോൾ പൊതുസമൂഹം മനസ്സിലാക്കുന്ന സുവിശേഷം മറ്റൊന്നായിരിക്കും. ഇത്തരം കള്ളന്റെ കുരിശുകളെ തകർക്കുവാൻ ആർജ്ജവം കാണിക്കുന്ന ഭരണാധികാരികൾ അഭിനന്ദനം അർഹിക്കുന്നു. അവിടെ വർഗ്ഗീയത, മതത്തിനു നേരെയുള്ള പോരാട്ടം എന്നൊക്കെ പറയുന്നതിൽ അർത്ഥമില്ല. സമൂഹ നന്മയ്ക്കായി നിലകൊള്ളേണ്ട ക്രൈസ്തവ സഭ കൊള്ളക്കാരായി മാറുമ്പോൾ നമുക്ക് ലോകത്തോട് പറയുവാൻ എന്ത് സുവിശേഷമാണുള്ളത്. ഇവിടെ നേടുവാനല്ല നഷ്ടപ്പെടുത്തുവാനാണ് സഭ തയ്യാറാകേണ്ടത്.

## ഇന്നത്തെ ചിന്ത

# നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കുകയുമരുതേ!!!



**ജോ തോമസ് പത്തനാപുരം**

പൗലോസിനെ അറിയാത്ത അപ്പോസ്തലസഞ്ചയവും ഏലിയാവിനെ അറിയാത്ത പ്രവാചക കൂട്ടവും അരങ്ങുവാഴുന്ന പെന്തെക്കോസ്തുലോകം. അനന്യാസ് സഫീറാ ദമ്പതികളുടെ ഹൃദയവും ഗേഹസിയുടെ കണ്ണുമായി ദൈവജനങ്ങളെ നിത്യതയുടെ പാതയിൽ നിന്നും അകറ്റുന്ന പ്രേഷിതവർഗ്ഗം. ഒരിക്കൽ ആത്മാവിനെ പ്രാപിച്ചവന്റെ പ്രവചനം നിവർത്തിയായപ്പോൾ, പ്രവാചകൻ സ്വത്വം കടന്നു കൂടി. പിന്നെ എല്ലാം തന്റെ കഴിവുകൊണ്ടെന്നു കരുതി കയ്യിൽ നിന്നും ഇട്ടു പറഞ്ഞു ജനങ്ങളുടെ കയ്യടി വാങ്ങി. ഒടുവിൽ നിത്യതയുടെ വഴികാട്ടികൾ ദലീലയുടെ മടിയിലെ സുഖം ആസ്വദിച്ചു. ശക്തി പോയതറിയാതെ ഇന്നു കുടയുന്നു. കനാൻ നാടിന്റെ അർത്ഥഭംഗിയെ കാംക്ഷിച്ചു ഇറങ്ങിയവരിൽ അനേകർ പാതയോര കാട്ടുപൂക്കളുടെ സൗന്ദര്യത്തിൽ ലക്ഷ്യം മറന്നു. ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നതിനു പകരം വിശ്വാസത്തിന്റെ പേരിൽ പാപത്തിന്റെ താൽക്കാലിക ഭോഗങ്ങളിൽ ആനന്ദം കണ്ടെത്തി. ലഭിച്ചതെല്ലാം ദൈവദാനം എന്ന് കരുതി ആസ്വദിച്ചപ്പോൾ അറിയാതെ പോലും നഷ്ടമാക്കിയത് യഥാർത്ഥ ദൈവാനുഗ്രഹങ്ങളല്ലേ!!! ദൈവത്തിന്റെ രാജ്യവും അതിന്റെ നീതിയും അന്വേഷിക്കേണ്ടവർ സ്വന്തരാജ്യവ്യാപ്തിയും അതിൽ നീതിയും കണ്ടെത്താൻ അല്ലേ ശ്രമിക്കുന്നത്!!! ഒരിക്കൽ നമ്മളിൽ വ്യാപരിച്ച ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്ന പ്രവർത്തികൾ ഏറ്റു പറഞ്ഞ് ദൈവത്തോട് നിലവിളിക്കാം "നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കുകയുമരുതേ".

നമുക്കു പ്രാർത്ഥിക്കാം, ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

# ഐപിസി കൊട്ടാരക്കര മേഖല

## പാസ്റ്റർ ബഞ്ചമിൻ വർഗീസ് പ്രസിഡന്റ്



പാസ്റ്റർ ബഞ്ചമിൻ വർഗീസ്



പാസ്റ്റർ ഇ. സി ജോർജ്ജ്



പാസ്റ്റർ സാം ജോർജ്ജ്



പി.എം. ഫിലിപ്പ്



ജയിംസ് ജോർജ്ജ്

**കൊട്ടാരക്കര:** ഐപിസി കൊട്ടാരക്കര മേഖലാ പ്രസിഡന്റായി പാസ്റ്റർ ബഞ്ചമിൻ വർഗീസ് തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർമാരായ ഇ.സി ജോർജ്ജ് (രക്ഷാധികാരി), സാം ജോർജ്ജ് (വർക്കിംഗ് പ്രസിഡന്റ്), ജോൺ റിച്ചാർഡ്, ഡാനിയേൽ ജോർജ്ജ്, വി.വൈ തോമസ്, വർഗീസ് മത്തായി (വൈസ് പ്രസിഡന്റുമാർ), ബ്രദർ ജയിംസ് ജോർജ്ജ് (സെക്രട്ടറി), പാസ്റ്റർ ജോസ് കെ. ഏബ്രഹാം, പി.വി. കുട്ടപ്പൻ (ജോ. സെക്രട്ടറിമാർ), പി.എം. ഫിലിപ്പ് (ട്രഷറാർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഐപിസി സീനിയർ മിനിസ്റ്ററും മുൻ ജനറൽ ജോയിന്റ് സെക്രട്ടറിയും ആണ്. വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ് ഐപിസി മുൻ ജനറൽ സെക്രട്ടറിയാണ്. ജെയിംസ് ജോർജ്ജ് ഏഴാം തവണയാണ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്നത്. പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലുള്ള 20 സെന്റർ/ഏരിയാകളിലായി 400ൽ പരം സഭകളും ആയിരക്കണക്കിന് വിശ്വാസികളുമുള്ള കൊട്ടാരക്കര മേഖല ഐപിസി യുടെ ആദ്യത്തേതും വലിയതുമായ മേഖലയാണ്. കുമ്പനാട് കൺവൻഷൻ കഴിഞ്ഞാൽ ഐപിസിയുടെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് കൊട്ടാരക്കര മേഖലാ കൺവൻഷൻ.

## എനിക്കും പറയാനുണ്ട്

# ജീവകാരുണ്യ പ്രവർത്തനം നമ്മുടെ കടമ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞ ആഴ്ചയിൽ ഞാൻ മുംബൈയിലേക്ക് ഒരു യാത്രപോയി. റോഡ് മാർഗ്ഗം ആയിരുന്നു യാത്ര ചെയ്തത്. എന്റെ സ്നേഹിതനായ പാസ്റ്റർ ഷിജു മത്തായിയും എന്നോടൊപ്പം സഹയാത്രികനായി. യാത്ര എന്നും എനിക്ക് ഒരു ഹരമാണ്. പുതിയ സ്ഥലങ്ങൾ കാണുകയും അവിടുത്തെ ജനങ്ങളെ മനസ്സിലാക്കുകയും ചെയ്തുള്ള യാത്രയാണ് എനിക്ക് ഏറെ ഇഷ്ടം. കമ്പം, തേനി, ഡിണ്ടിഗൽ, സേലം, ഹൊസ്സൂർ, തുംകൂർ, ഹൂബ്ലി, സാംഗ്ലി, കോലാപൂർ, പൂനെ വഴി പനവേലിൽ എത്തുമ്പോൾ ആയിരത്തി അറുനൂറോളം കിലോമീറ്ററുകളുണ്ട്. മറ്റ് ലോകരാജ്യങ്ങളിലെ റോഡുകളെപ്പോലെയോ അതിലും മെച്ചമോ ആയ റോഡുകളാണ് കേരളത്തിന് വെളിയിലുള്ളത്. ഇത്തരം യാത്രകളാണ് കേരളത്തിലെ റോഡുകൾ എത്ര ദയനീയമാണെന്ന് നമ്മെ ഓർമ്മ വരുത്തുന്നത്. ഇത്രയധികം വികസന മുരടിപ്പുള്ള ഒരു സംസ്ഥാനം വേറെങ്ങും കാണില്ല. ഒരു ദേശത്തിന്റെ വികസനത്തിന് വിശാലമായ വഴി അവിഭാജ്യഘടകം തന്നെയാണ്. ഒരു ഹൈവേ ഉണ്ടാകുമ്പോൾ അതിന്റെ ഇരുവശങ്ങളിലുമായി ധാരാളം ബിസിനസ്സ് സ്ഥാപനങ്ങളാണ് വരുന്നത്. അതിന് ഉത്തമഉദാഹരണമാണ് തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും കുഗ്രാമങ്ങളിൽപോലും ഹൈവേയുടെ സൈഡുകളിൽ കാണുവാൻ കഴിഞ്ഞ സ്ഥാപനങ്ങൾ. മറ്റ് സംസ്ഥാനങ്ങളൊക്കെ മുന്നേറുമ്പോൾ നമ്മുടെ രാഷ്ട്രീയക്കാരും ഭരണാധികാരികളുമൊക്കെ വരട്ടുവാദങ്ങളുമായി കാലംകഴിക്കുന്നു.

ക്രിസ്തുവിൽ ഞാൻ വളരെ സ്നേഹിക്കുന്ന ദൈവദാസനും സ്നേഹിതനുമാണ് പാസ്റ്റർ സന്തോഷ് പൊടിമല. ഡാളസിൽ നിന്നും തന്റെ മിനിസ്ട്രിയോടുള്ള ബന്ധത്തിൽ മുംബൈയിൽ ഹ്രസ്വസന്ദർശനത്തിനായി എത്തുന്നതുമായി ബന്ധപ്പെട്ടാണ് ഞങ്ങളും അവിടേക്ക് എത്തിയത്. പാസ്റ്റർ സന്തോഷ് പൊടിമലയെക്കുറിച്ച് രണ്ടുവാക്ക് പറയാതിരിക്കുവാൻ തരമില്ല. ഡാളസിൽ ഞാൻ എത്തിയ രണ്ടുപ്രാവശ്യവും അദ്ദേഹത്തിന്റെ മിനിസ്ട്രിയിൽ പങ്കാളിയാകുവാൻ അവസരം ലഭിച്ചിരുന്നു. തെരുവിൽ അലയുന്ന ആളുകളുടെ ഇടയിൽ പ്രവർത്തിക്കുകയാണ് ഇദ്ദേഹം. വികസിത രാജ്യമായ അമേരിക്ക എല്ലാവരുടെയും സ്വപ്നഭൂമിയാണ്. സമ്പന്നതയുടെ മടിത്തട്ടിൽ വിരാജിക്കുന്ന ജനത അവിടെ എല്ലാവരും സമൃദ്ധിയിൽ ജീവിക്കുന്നു. നമ്മുടെ നാട്ടിലെപോലെ പിച്ചക്കാരോ വീടില്ലാത്തവരോ അവിടെ കാണുകയില്ല ഇതൊക്കെയായിരുന്നു അമേരിക്കയെക്കുറിച്ചുള്ള എന്റെ ചിന്തകൾ. എന്നാൽ ആ ചിന്തകളെല്ലാം മാറ്റിമറിക്കുന്നതായിരുന്നു ഡാളസിലെ തെരുവിൽ കണ്ട കാഴ്ചകൾ. ഒരു നേരത്തെ ആഹാരത്തിനായി കരങ്ങൾ നീട്ടുന്നവർ. മഞ്ഞുകാലത്ത് മരവിക്കുന്ന തണുപ്പിൽ കയറികിടക്കുവാനായി ഒരു ഇടം തേടി അലയുന്നവർ. മദ്യവും മയക്കുമരുന്നും മദിരാക്ഷിയുമൊക്കെ അരങ്ങുവാഴുന്ന അന്ധകാരത്തിന്റെ തെരുവുകൾ. മലങ്കരയിൽ നിന്ന് കുടിയേറിയവരൊക്കെ തങ്ങളുടെ കംഫർട്ട് സോണിൽ ജീവിക്കുമ്പോൾ അതിൽ നിന്നെല്ലാം വ്യത്യസ്തമായി പാസ്റ്റർ സന്തോഷ് പൊടിമല തെരുവിന്റെ മക്കളെ തേടി വിശ്രമമില്ലാതെ യാത്ര ചെയ്യുന്നു. തെരുവിന്റെ മക്കൾക്ക് അന്നവും വസ്ത്രവും ഒപ്പം സുവിശേഷവും നൽകുന്നു. അവരെ ജീവിതത്തിന്റെ നല്ല വഴികളിലേക്ക് തിരികെ നടത്തുന്നു. വ്യത്യസ്തമായ ഈ ശുശ്രൂഷ ചെയ്യുവാൻ ആഴമായ സമർപ്പണം ഉള്ളവർക്ക് മാത്രമേ സാധ്യമാകയുള്ളൂ. അതുകൊണ്ടു തന്നെ ഇദ്ദേഹത്തോട് സ്നേഹാദരവാണ് എനിക്കുള്ളത്.

മുംബൈയിൽ ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം പെന്തെക്കോസ്ത് ശുശ്രൂഷകരും സ്ഥാപനങ്ങളും ഉണ്ട്. ഇത് ചിലർക്ക് ത്യാഗനിർഭരമായ സമർപ്പണത്തിന്റെ ഭാഗമാണ്. വളരെ ഭംഗിയായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ത്യാഗികൾ ധാരാളം ഉണ്ട്. ഇത് പറയുവാൻ കാരണം പാസ്റ്റർ സന്തോഷ് പൊടിമലയോടൊരുമിച്ച് ഇത്തരം ഒരു സ്ഥാപനത്തിൽ പോകുവാൻ ഇടയായി. വളരെ ഭംഗിയായും ചിട്ടയായും പ്രവർത്തിക്കുന്ന സ്ഥാപനം കണ്ടപ്പോൾ മനസ്സ് നിറഞ്ഞ് സന്തോഷിച്ചു. ഇത്രയും പറഞ്ഞ് ആ ഭാഗം അവസാനിപ്പിക്കട്ടെ.

ഇപ്പോൾ പെന്തെക്കോസ്ത് മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും വിവാദങ്ങളാണ് കത്തിപ്പടരുന്നത്. അതിൽ പ്രധാനം ദൈവനിശ്വാസ്യമല്ലാത്തതാണ് പഴയനിയമം എന്നും മോശെയുടെ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ കഥകളാണെന്നും ദൈവം കൊടുത്തതല്ലെന്നും ഒക്കെയുള്ള തങ്കുവിന്റെ പ്രസംഗവും പരിശുദ്ധാത്മാവ് അമ്മയാണെന്നുള്ള ജോൺ ലോറൻസിന്റെ പ്രസംഗവും ടിജോയുടെ ശാപവുമൊക്കെയാണ് ചർച്ചകൾ. ഇത്തരം അഭിനവ പണ്ഡിതന്മാർ നിറഞ്ഞാടുന്ന നവമാധ്യമങ്ങളിൽ എത്തിനോക്കുവാൻ പോലും ഭയമാണ്. അമ്മയെ തല്ലിയാലും രണ്ടും പക്ഷം എന്നു പറഞ്ഞുപോലെയാണ് അവിടുത്തെ സ്ഥിതി. കടുത്ത ദുരുപദേശമോ പൊട്ടത്തരമോ പറയുന്നവനെയും പിന്തുണയ്ക്കാൻ ആളുകൾ അണിനിരക്കുകയാണ്. അതുകൊണ്ട് തന്നെ വഴിമാറി നടക്കുകയാണ് ഉചിതം. ഇത്തരം പ്രസംഗങ്ങൾക്കെതിരെ വാളെടുക്കുമ്പോൾ തന്നെ അതിലും അപകടകരമായ സഭാരാഷ്ട്രീയത്തെക്കുറിച്ചും ആരും പറയുന്നില്ല എന്നത് ദുഃഖകരം. സഭാരാഷ്ട്രീയക്കളി മൂത്ത് യുവജനങ്ങൾ പോലും അതിന്റെ ഭാഗമായി മാറിയിരിക്കുന്നു. പ്രസ്ഥാനവൽക്കരിക്കപ്പെട്ട നമ്മുടെ സഭകൾ മറ്റ് സമുദായ സഭകളേക്കാൾ അധഃപതിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞ് അംഗീകരിക്കണം. ഉപദേശവും ജീവിതവും സമാസമം പാലിക്കേണ്ടതാണല്ലോ.

മൂന്നാർ കയ്യേറ്റവും മണിയാശാന്റെ വിവാദപ്രസ്താവനയും കയ്യേറ്റമൊഴിപ്പിക്കലും ടോം സഖറിയുടെ കുരിശുകൃഷിയും ഒക്കെയാണ് കേരള രാഷ്ട്രീയത്തിലെ ചൂടേറിയ ചർച്ചകൾ. കെ. എം. മാണി ഇടതുപക്ഷത്തേക്ക് പോകുന്നു, സി. പി. ഐ. കോൺഗ്രസ് പക്ഷത്തേക്ക് ചായുന്നു. വെള്ളാപ്പള്ളി നടേശൻ എൻ.ഡി.എ. പക്ഷത്ത് നിന്നകലുന്നു. ഇതൊക്കെയാണ് രാഷ്ട്രീയ ചാഞ്ചാട്ടമായി നിരീക്ഷിക്കപ്പെടുന്നത്. പരസ്പരം പോരടിച്ചവർ ആശയത്തിന്റെ പേരിൽ അല്ലാതെ യോജിക്കുന്നത് കാഴ്ചക്കാർക്കെന്നും അതിശയവും രസകരവുമാണ്. ഇതുതന്നെയാണ് ഇന്ന് ഐ.പി.സി.യിലേയും മറ്റും സഭാരാഷ്ട്രീയത്തിൽ കാണുന്നത്. എല്ലാം 'ആമാശയപരമായ' മാറ്റങ്ങൾ മാത്രം. സ്വാധീനം ചെലുത്തുവാൻ കഴിയാത്ത, കാരം നഷ്ടപ്പെട്ട ഉപ്പായി പെന്തെക്കോസ്ത് മാറിയോ എന്ന് സംശയിച്ചാൽ കുറ്റം പറയാനൊക്കുമോ.

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

## വേദപഠനം
### തിമൊഥെയൊസ്
-തുടർച്ച-

വീടുതോറും നടന്നു മിനക്കെടുവാനും ശീലിക്കും, മിനക്കെടുക മാത്രമല്ല വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തതു സംസാരിക്കും. ഒരു യഥാർത്ഥ ഭക്തൻ തിരക്കുള്ള വ്യക്തിയാണ്, തിരക്ക് എങ്ങനെ സൃഷ്ടിക്കാം. ബൈബിൾ വായന, പഠനം, പ്രാർത്ഥന, മറ്റുള്ളവരോടു സുവിശേഷം പങ്കിടുക എന്നീ നില യിൽ തിരക്കുള്ളവരാകുവാൻ കഴിയും. ഇപ്രകാരം തിരക്കു ഉണ്ടാകുമ്പോൾ പല വേണ്ടാത്ത കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാനും ഇടപെടാതിരിക്കുവാനും കഴിയും. ചില ഇളയവർ അക്കാലത്ത് ദൈവസഭയ്ക്കും ക്രൈസ്തവ വിശ്വാസത്തിന് ആക്ഷേപം വരത്തക്ക വിധത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തതുകൊണ്ട് അപ്പോസ്തലൻ കൊടുക്കുന്ന ഉപദേശം, "ആകയാൽ ഇളയവർ വിവാഹം ചെയ്യുകയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം സംരക്ഷിക്കയും വിരോധിക്ക് അപവാദത്തിന് അവസരം കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഇവിടെ നൽകുന്ന നിർദ്ദേശങ്ങൾ: വിവാഹം കഴിക്കുക, പുത്രസമ്പത്തുണ്ടാക്കുക, ഭവനം സംരക്ഷിക്കുക, അപവാദം വരാതെ ജീവിക്കുക. ഇങ്ങനെ ചെയ്യുമ്പോൾ സഭയിലും സമൂഹത്തിലും പാപത്തിന്റെ അളവ് കുറയും. അതുകൊണ്ട് വീണ്ടും വിവാഹം കഴിക്കാം, മക്കളെ വളർത്താം ഭവനം കാക്കാം ഇതെല്ലാം ഭംഗിയായി ചെയ്യുമ്പോൾ ആരും യാതൊരു അപവാദവും ദോഷവും പറയുകയില്ല, അതിനുള്ള സാഹചര്യം ഉണ്ടാകുകയില്ല. പലരും അപവാദവും ഏഷണിയും പറയുന്നതിൽ ഏർപ്പെടുന്നത് പക്വതയില്ലായ്മയാണ്, ആത്മികത്വത്തിന്റെ കുറവാണ്. ഇപ്രകാരം ചിലർ ചെയ്തതുകൊണ്ട് ഇന്നു അക്കൂട്ടത്തിൽപെട്ട പലരും വിശ്വാസത്തിൽ പോലുമില്ല. അവർ പിശാചിന്റെ പണിയായുധങ്ങളായി മാറി, പിശാച് ദൈവസഭയ്ക്കു എതിരായി സഭയുടെ തുടക്കം മുതൽ നഖശിഖാന്തം പ്രവർത്തിക്കുകയാണ്, അത് സഭയ്ക്കു അകത്തും പുറത്തും വ്യക്തമാണ്. സഭയ്ക്ക് അകത്ത് ദുരുപദേശങ്ങളായും വിശ്വാസികളുടെ ഇടയിൽ ഗ്രൂപ്പിസമായും ചേർച്ചയില്ലായ്മയിലൂടെയും പ്രവർത്തിക്കുമ്പോൾ സഭയ്ക്കു പുറത്ത് സാത്താൻ പ്രവർത്തിക്കുന്നത് ഭരണാധികാരികളിലൂടെയാണ്. റോമൻ ചക്രവർത്തിമാർ അക്കാലത്ത് സഭയെ തകർക്കുവാൻ മുഷ്ടികൊണ്ടും നിയമം കൊണ്ടും ഉപദ്രവം കൊണ്ടും ആവോളം ശ്രമിച്ചു. എങ്കിലും കർത്താവ് പത്രോസിനോടു പറഞ്ഞതുപോലെ, "ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നുഞാൻ നിന്നോടു പറയുന്നു...മത്താ.16:18. ഇന്നും പിശാച് സഭയെ തകർക്കുവാൻ ഭരണാധികാരികളെയും ദുരുപദേഷ്ടാക്കന്മാരെയും ഉപയോഗിക്കുന്നു. കർത്താവിനുവേണ്ടി വിളങ്ങുകയും തിളങ്ങുകയും ചെയ്ത അനേകർ ദൈവസന്നിധിയിൽ നിന്നും അകന്നുപോകുകയും പിശാചിന്റെ കെണിയിലും ചതിയിലും അകപ്പെട്ട് വിശ്വാസം നഷ്ടമാക്കി ദൈവസഭയ്ക്കു അപമാനം വരുത്തി വരുന്നു. പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു, 1 പത്രോ. 5:8. പിശാച് ഏത് സാഹചര്യവും സന്ദർഭവും ഉപയോഗിക്കും ദൈവമക്കളെ നശിപ്പിക്കും പിശാച് ദൈവമക്കളുടെ ഇടയിൽ ഉപയോഗിക്കുന്ന മൂന്നു മൂർച്ചയേറിയ ആയുധങ്ങളാണ് മണ്ണാശ, പെണ്ണാശ, പൊന്നാശ ഇന്നു മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർ മൂന്നു ജീ എന്നപോലെ ദൈവമക്കൾക്കു എതിരായിട്ടുള്ള മൂന്നു ജീയാണ് ഗോൾഡ്, (gold) സ്വർണ്ണം, ഗേൾ (girl) പെണ്ണ്, ഗ്ലോറി (glory) മഹത്വം. ഇപ്പോൾ നാലുജീയിലേയ്ക്കാണ് ആളുകൾക്കു താല്പര്യം ദൈവമക്കളുടെ ഇടയിലെ നാലാമത്തെ ജീ എന്നത് ഗ്റഡ്ജ് (Grudge) പക (വിദ്വേഷം) എന്നതാണ്, ഇന്നു ഈ നാലു ജീ ദൈവമക്കളെയും ദൈവദാസന്മാരെയും ചുറ്റിക്കുന്നു. അതുകൊണ്ട് ജാഗ്രരായിരിക്കണം.

അഞ്ചാം അദ്ധ്യായം 16-ാം വാക്യത്തിന് റവ. ഡോ. പി. പി. ഏബ്രഹാം തന്റ ഇടയലേഖനങ്ങൾ എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ഇവിടെ ഉദ്ധരിക്കട്ടെ, "16-ാം വാക്യത്തിൽ 'വിശ്വാസി' എന്നു പറഞ്ഞിരിക്കുന്നതിനു പല വ്യാഖ്യാനങ്ങൾ ഉണ്ട്, വിശ്വാസി എന്നും വിശ്വാസിനി എന്നും രണ്ടു പാഠഭേദങ്ങൾ തന്നെയുണ്ട്. സഭയുടെ സേവനത്തിലല്ലെങ്കിലും മറ്റു വിധവമാരുടെ പരിപാലനത്തിൽ ശ്രദ്ധിച്ചിരുന്ന വിധവമാരെയായിരിക്കും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരിക്കൽ വിധവമാരുടെ ഗണത്തിൽ ചേർന്നതിനുശേഷം പിന്നീട്, വിവാഹിതരായിത്തീർന്ന വിശ്വാസിനികളെയായിരിക്കാനും മതി. വിധവമാരായ സ്വന്തക്കാരുടെ ഉത്തരവാദിത്വം വഹിക്കാതെ അവരെ സഭയെ ഭരമേല്പിച്ചു കൈയൊഴിയുവാൻ ശ്രമിച്ചിരുന്ന ചില വിശ്വാസിനികളോടുള്ള ഉപദേശമായും ഇതു കാണാം.

അഞ്ചാം അദ്ധ്യായം പ്രധാനമായും പ്രായമുള്ളവരെയും വിധവമാരെയും സംരക്ഷിക്കുന്നതിനുള്ള ഉപദേശമാണ്, അത് കുടുംബത്തിലും സഭയിലും (3-16) അതിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രധാനവിഷയങ്ങൾ ബഹുമാനം, ആർദ്രത (മനസ്സലിവ്) ഉത്തരവാദിത്വം എന്നിവയാണ്. അപ്പോൾ ഒന്നാം നൂറ്റാണ്ടിൽ വിധവമാരെ സഭയാണ് സംരക്ഷിച്ചത്. (അ.പ്ര.6:1-6). എന്നാൽ സാമ്പത്തികമായി നല്ല ഭദ്രത ഉള്ളവർ സഭയ്ക്കു ഭാരമാകാതെ വിധവമാരെ പോറ്റി പുലർത്തണം എന്നുള്ള പ്രബോധനം നൽകുകയാണ്, അപ്പോൾ പ്രാപ്തിയുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും വിധവമാരെ സംരക്ഷിക്കാം അത് ദൈവീകമാണ്, ഉപദേശമാണ്, ആത്മീകമാണ്, വിധവമാരെ ഒരിക്കലും ഭാരമായോ ഒരു ബാധ്യതയായോ കാണരുത്.

**മൂപ്പന്മാരോടുള്ള സമീപനം (വാക്യങ്ങൾ 17-25)**

പൗലോസ് ഇടയലേഖനങ്ങളിൽ സഭാവിശ്വാസികളെക്കുറിച്ച് പ്രതിപാദിച്ചതിനുശേഷം സഭാശുശ്രൂഷകന്മാരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുകയാണ്. ഏതൊരു സ്ഥലം സഭയുടെയും ഉയർച്ചയ്ക്കും വീഴ്ചയ്ക്കും പുറകിൽ ശുശ്രൂഷകന്മാർക്കു ഒരു വലിയ പങ്കുണ്ട്. സ്ഥലം സഭയുടെ സ്വഭാവം, കെട്ടുറപ്പ് തുടങ്ങിയവയെല്ലാം അദ്ധ്യക്ഷന്മാരോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. സഭാപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സഭയുടെ ഉന്നമനത്തിനും വിശ്വാസികളുടെ ആത്മികവളർച്ചയും അഭിവൃദ്ധിയും കാംക്ഷിക്കുന്നവരായിരിക്കണം കൂടാതെ ആത്മാക്കളെക്കുറിച്ചുള്ള കണക്ക് കൊടുക്കേണ്ടവരാണ്, എബ്രായ ലേഖകൻ പറയുന്നത് നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു, ഇത് അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ...എബ്രാ.13:17

(തുടരും...)

# പെന്തെക്കോസ്തുകാരന്റെ ആത്മാവും ആത്മരതിയും






രാജു ആനിക്കാട്

**രാജ്യത്തെ നിയന്ത്രിക്കാൻ കെൽപ്പുള്ള നമ്മുടെ നാലാം തൂണുകളുടെ, മൂത്ത മാധ്യമ പ്രതിനിധികളുടെ മുഖത്തുപോലും ഈ വി. ഐ. പി. ചിഹ്നം ഇല്ല. പെന്തെക്കോസ്തിലെ പരിണിത പ്രഞ്ജരായ പ്രമുഖ പത്രപ്രവർത്തകരുടെ ഒന്നും തന്നെ ശകടമുഖത്ത് പ്രസ് എന്ന പൊങ്ങച്ചം പറ്റിച്ചിട്ടില്ലെന്നത് അവരുടെ അന്തസ്സിനെ ഉയർത്തിപിടിക്കുന്നു. അപ്പോഴാണ് അമ്പത്താറ് അക്ഷരം ഉരിയാടാൻപോലും അറിയാത്ത ചില 'ചീപ്പ്' എഡിറ്റർമാരുടെ 'പാത്ര'പ്രവർത്തക സാഹസം. ശുചിമുറി പേപ്പറിന്റെ വിലപോലുമില്ലാത്ത നാലാംകിട 'പാത്രങ്ങൾ' കൊണ്ട്, അതും അകാലപ്രജപോലെ കാലം തെറ്റിയും, തികയാതെയും ഒക്കെ വരുന്ന 'പാത്രങ്ങൾ'.**

**2017** മെയ് ഒന്നു മുതൽ നമ്മുടെ രാജ്യത്തെ വി.ഐ.പി. സംസ്കാരം ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്. ചുവപ്പ് ബീക്കൺ വെച്ചുകൊണ്ടു പൊതുജനങ്ങളുടെയിടയിലൂടെ പാഞ്ഞു പോകുന്ന വി. ഐ. പി.യെ ഇനി അത് ഇല്ലാതെയായിരിക്കും ഓട്ടം. പൗരന്മാരെല്ലാം ഏതാണ്ട് സമന്മാരാണെന്ന സന്ദേശം പ്രചരിപ്പിക്കാൻ പര്യാപ്തമാണ് ഈ പരിപാടിയൊക്കെ. പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരുമടക്കം രാജ്യത്തെ പരമോന്നതർ എല്ലാം നിയമത്തിൻ വിധേയപ്പെട്ട ഒരു സാധാരണ വ്യക്തിയായി മാറിവരുന്നത് ആശ്ചര്യകരം തന്നെ.

രാജ്യം ഇത്രയുമൊക്കെയായിട്ടും ദൈവരാജ്യത്തിലെ പൗരന്മാരായ ആത്മീകന്മാരുടെ സംസ്കാരം എങ്ങനെയിരിക്കുന്നു. ചുവപ്പ് ബീക്കൺ വല്ലതും വെയ്ക്കാൻ ഒരു അനുമതി ഉണ്ടായിരുന്നെങ്കിൽ സപ്തവർണ്ണവിസ്മയം തീർത്തേ നമ്മുടെ വി.ഐ.പി.കൾ സഞ്ചരിക്കുമായിരുന്നുള്ളൂ. മാത്രമല്ല അതിന്റെ കൂകിവിളികൾ കൊണ്ട് നമ്മുടെ അന്തരീക്ഷം ആത്മാവിൽ കോരിത്തരിച്ചു നിന്നേനം.

മുഖ്യമന്ത്രി വരെ ബീക്കൺ അഴിച്ചുമാറ്റുന്നതു കണ്ടിട്ടും നമ്മുടെ ചില ശുംഭന്മാരുടെ മുഖത്തും ശകടങ്ങളിലും വി. ഐ. പി. സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നു. രാജ്യത്തെ നിയന്ത്രിക്കാൻ കെൽപ്പുള്ള നമ്മുടെ നാലാം തൂണുകളുടെ, മൂത്ത മാധ്യമ പ്രതിനിധികളുടെ മുഖത്തുപോലും ഈ വി. ഐ. പി. ചിഹ്നം ഇല്ല. പെന്തെക്കോസ്തിലെ പരിണിത പ്രഞ്ജരായ പ്രമുഖ പത്രപ്രവർത്തകരുടെ ഒന്നും തന്നെ ശകടമുഖത്ത് പ്രസ് എന്ന പൊങ്ങച്ചം പറ്റിച്ചിട്ടില്ലെന്നത് അവരുടെ അന്തസ്സിനെ ഉയർത്തിപിടിക്കുന്നു. അപ്പോഴാണ് അമ്പത്താറ് അക്ഷരം ഉരിയാടാൻപോലും അറിയാത്ത ചില 'ചീപ്പ്' എഡിറ്റർമാരുടെ 'പാത്ര' പ്രവർത്തക സാഹസം. ശുചിമുറി പേപ്പറിന്റെ വിലപോലുമില്ലാത്ത നാലാംകിട 'പാത്രങ്ങൾ' കൊണ്ട്, അതും അകാലപ്രജപോലെ കാലം തെറ്റിയും, തികയാതെയും ഒക്കെ വരുന്ന 'പാത്രങ്ങൾ'. പെന്തെക്കോസ്തുകാരന് ആത്മാവ് കൊടുത്ത തൊലിക്കട്ടി ഭയങ്കരം.

പെന്തെക്കോസ്തുകാരന്റെ ഈ നാണംകെട്ട വി. ഐ. പി. മനസ്, പ്രകടനപരതയോടുള്ള അമിതാഭിമുഖ്യമാണ്. പരിശുദ്ധാത്മാവുണ്ടെന്ന് പറയുന്നവർക്ക് ചേർന്നതല്ല ഈ പ്രവണത.

ആത്മനിഷ്ഠമായ ഈ അമിതാരാധനയെ മനഃശാസ്ത്രം വിലയിരുത്തുന്നത് ഒരു കടുത്ത മാനസിക വ്യക്തിത്വ വൈകല്യമായിട്ടാണെന്ന് വായിച്ചിട്ടുണ്ട്. ആത്മരതി അഥവാ നാർസിസം എന്നാണ് ഈ മനോരോഗത്തെ വിളിക്കുക.

ഗ്രീക്ക് പുരാണത്തിലെ സുന്ദരനായ കഥാപാത്രമായിരുന്നു നാർസിസസ്സ്. തന്റെ രൂപം തെളിനീരിൽ കണ്ട അയാൾ തന്റെ സൗന്ദര്യത്തോട് തന്നെ ആകൃഷ്ടനാകുകയും അത് ആസ്വദിച്ച് ദീർഘനാൾ കിടന്ന് അവിടെതന്നെ മരിച്ചുവെന്നാണ് കഥ. ഇതാണ് നാർസിസിസ്റ്റുകളുടെ മനോഭാവം. സ്വന്തം ഭോഷത്തം വിളമ്പിലും ആസ്വദിച്ചും പെന്തെക്കോസ്തിലെ ആത്മരതിക്കാർ മരിക്കുകയാണ്.

ക്രിസ്തുവിന്റെ ഉപദേശത്തിന്റെ കാതൽ തന്നെ ത്താൻ ത്യജിക്കലാണ്. സഹജീവികളെ തന്നെക്കാൾ ശ്രേഷ്ഠരായി പരിഗണിക്കലാണ്. പ്രകടനപരതയല്ല, സ്വയം ഒതുങ്ങലാണ് ഈ ജീവിതചര്യയയുടെ ജീവൻ. എന്നിട്ടും എന്താണ് നാം കാണുന്നത്. തങ്ങൾ കൈകാര്യം ചെയ്യുന്ന മേഖലയെക്കുറിച്ച് പ്രാഥമിക ജ്ഞാനം പോലുമില്ലെങ്കിലും ഏതു വങ്കത്തരവും കാണിക്കാൻ നിർലജ്ജം രംഗത്ത് നിൽക്കുന്നവർക്ക് നാണം പോലും തോന്നുന്നില്ലെന്നത് ഇവർ കടുത്ത മാനസിക രോഗത്തിനു അടിമപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവാണ്. പരിശുദ്ധാത്മാവ് ചെയ്യുന്ന പ്രധാനകൃത്യം ബോധം വരുത്തലാണല്ലോ. പരിശുദ്ധാത്മാവുണ്ടെങ്കിൽ അവനവന്റെ പരിമിതിയെക്കുറിച്ചെങ്കിലും ബോധം വരേണ്ടതല്ലേ?. തറയിലാണ് കിടപ്പെങ്കിലും തമ്പ്രാൻ കോംപ്ലക്സിന് ഒട്ടും കുറവില്ലാത്തവർ. അയൽപക്കത്ത് തേങ്ങയുടയ്ക്കുമ്പോൾ തന്റെ വീട്ടിൽ ചിരട്ടയുടയ്ക്കുന്ന ഈ പണ്ഡിതമന്യന്മാർ പെന്തെക്കോസ്തിൽ പെരുകുകയാണ്.

ഭരിക്കാനറിയാത്തവനും പ്രസംഗിക്കാനറിയാത്തവനും എഴുതാനറിയാത്തവനും റെഡ് ബീക്കൺ വെച്ചു നടക്കുന്ന ഒരേയൊരിടം ഭൂമിയിൽ പെന്തെക്കോസ്തിലാണ്. അതിന് കൃപലഭിച്ചവരൊന്നും ആത്മരതിക്കാരുടെ കൂട്ടത്തിലില്ല. എന്നെ മനസ്സിലായോ എന്ന ചോദ്യം മുഖത്തെഴുതി വെച്ചിരിക്കുകയാണ് ഈ നാർസിസ്സ്റ്റുകൾ. മഹാത്മഗാന്ധിയോ ടാഗോറോ മറ്റോ ആണെന്ന മട്ട്. സ്വന്തം വീരകൃത്യങ്ങൾ പറഞ്ഞ് അന്യരെ കൊല്ലുകയാണ്. ഈ പറയുന്നത്ര സാമർത്ഥ്യം ഇങ്ങേർക്കുണ്ടായിരുന്നെങ്കിൽ പണ്ടേ ആളുകൾ തിരിച്ചറിയില്ലായിരുന്നോ.

ഇത്തരം ആത്മരതിക്കാർ വിവാഹ വേദിയിൽ വരനാകാനും (വധു) ശവസംസ്കാര ചടങ്ങുകളിൽ ശവമാകാനും വെമ്പൽ കൊള്ളുന്ന മനസ്സുള്ളവരായിരിക്കും എന്നാണ് പറയുന്നത്. എങ്ങനെയും മറ്റുള്ളവരുടെ ശ്രദ്ധ പിടിക്കുക അതിനുവേണ്ടിയുള്ള ഈ ശവങ്ങളുടെ മരണ പരിപാടി കണ്ട് നമ്മൾ ദിനേന മരിക്കുകയല്ലേ.

'അഗ്രഹാരത്തിൽ പിറന്നാലും നായ് വേദമോതുകയില്ലെന്നു' കേട്ടിട്ടില്ലേ. ഇതാണ് പെന്തെക്കോസ്തിന്റെ അവസ്ഥ. തമിഴ് ബ്രാഹ്മണർ കൂട്ടമായി താമസിക്കുന്ന സ്ഥലത്തെയാണ് അഗ്രഹാരം എന്നു പറയുന്നത്. വേദങ്ങളിലും ശാസ്ത്രങ്ങളിലും പ്രാവീണ്യം ഉള്ളവരാണ് ഇവിടെയുള്ളവർ. ഇത്തരം സ്ഥലങ്ങളിൽ ജനിച്ചാലും നായ അതിന്റെ നിലവാരത്തിൽ നിന്നും ഉയിരില്ല എന്നു സാരം. ഈ കേരളത്തിൽ ജനിച്ചിട്ടും എന്തേ പെന്തെക്കോസ്തുകാരൻ ഇങ്ങനെ?

പെന്തക്കോസ്തുകാരന്റെ പൊങ്ങച്ചവും ആത്മരതിയും കളയാത്തിടത്തോളം കാലം രക്ഷപ്പെടാൻ പോകുന്നില്ല.

# ബ്ലാക്ക് മാസ്സ് അഥവാ കറുത്ത കുർബ്ബാന



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ, 9447313709




**മ**ധ്യകാലഘട്ടത്തിൽ ശത്രുക്കളുടെ നാശത്തിനുവേണ്ടി വിശ്വാസികൾ കാഴ്ചവച്ചിരുന്ന ദിവ്യബലിയാണ് കറുത്ത കുർബാന ഇതിന്റെ ആരംഭംഫ്രാൻസിൽ നിന്നാണ്. 1500–ൽ Catherine de' Medici എന്ന ഫ്രാൻസിലെ രാജ്ഞി ആദ്യത്തെ കറുത്ത കുർബ്ബാന അർപ്പിച്ചതായിട്ടാണ് ചരിത്രം. 1600–ൽ Catherine Monvoisin, Etienne Guiboug എന്ന വൈദികനും ഫ്രാൻസിലെ രാജാവിനുവേണ്ടി കറുത്ത കുർബ്ബാന അർപ്പിച്ചിട്ടുണ്ട്. ക്രിമിനൽ കുറ്റത്തിന് ഇവർ രണ്ടുപേരും അറസ്റ്റ് ചെയ്യപ്പെട്ടപ്പോഴാണ് ഇവർ കറുത്ത കുർബ്ബാന അർപ്പിച്ചിരുന്നതിന്റെ വിശദാംശങ്ങൾ ലോകം അറിയുന്നത്. ലത്തീൻ കത്തോലിക്കരുടെ ആരാധനക്രമമനുസരിച്ച് തന്നെയായിരുന്നു ഇവർ കറുത്ത കുർബ്ബാന അർപ്പിച്ചത്. ഫ്രാൻസിലെ രാജാവായിരുന്ന Louis XIV -ാമൻ ഭാര്യയെ ബലിപീഠത്തിൽ നഗ്നയായി കിടത്തി, അവളുടെ നഗ്നമായ വയറിൽ കാസയും, വിരിച്ച് പിടിച്ച കൈകളിൽ രണ്ട് കറുത്ത മെഴുകുതിരികളും വച്ചാണ് കറുത്ത കുർബ്ബാന അരങ്ങേറിയത്. Guibourg നടത്തിയ ഈ കറുത്ത കുർബ്ബാന അനുകരിച്ചുകൊണ്ടാണ് ഇന്ന് നടക്കുന്ന എല്ലാ കറുത്ത കുർബ്ബാനകളും വികാസം പ്രാപിച്ചത്.

നഗ്നമായ ശരീരത്തിൽ കറുത്തതോ കട്ടപിടിച്ച രക്തത്തിന്റെ നിറത്തിലോ ഉള്ള കൈയ്യില്ലാത്ത പുരോഹിതവസ്ത്രം ധരിച്ച ആളായിരിക്കും കറുത്ത കുർബ്ബാന അർപ്പിക്കുക. ബലിപീഠത്തിൽ പൂർണ്ണ നഗ്നയായ സ്ത്രീയോ, പന്നിയോ, ആടോ, കരടിയോ ഉണ്ടായിരിക്കും. ആർത്തവ രക്തവും ബീജവും കലർത്തിയ ഓസ്തി (കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പം) കത്തിക്കുകയും എറിഞ്ഞുകളയുകയും, ആശീർവദിച്ച വീഞ്ഞ് തറയിൽ ഒഴിച്ച് കളയുകയും ചെയ്യാറുണ്ട്. വിശുദ്ധ കുർബ്ബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിന് പകരം കറുത്ത കുർബ്ബാനയിലാവട്ടെ തലയോട്ടിയിൽ നിറച്ച മൂത്രമോ രക്തമോ ആവും ഉപയോഗിക്കുക. മനുഷ്യ കൊഴുപ്പിൽ ഉണ്ടാക്കിയെടുത്ത കറുത്ത മെഴുകുതിരി, കുറുക്കന്റെയോ മനുഷ്യന്റെയോ തൊലിയിൽ പൊതിഞ്ഞ ബൈബിൾ എന്നിവയും കറുത്ത കുർബ്ബാനയിൽ ഉപയോഗിക്കപ്പെടുന്നു. ആഘോഷങ്ങളിൽ മൊരിച്ച മനുഷ്യ മാംസവും ഇവർ ഉപയോഗിക്കാറുണ്ടെന്നു പറയപ്പെടുന്നു. ഉൻമാദത്തോടെയുള്ള ലൈംഗിക വേഴ്ചയോടൊപ്പം തന്നെ, സാത്താന് നൽകുന്ന ബലിയായി നവജാത ശിശുക്കളെ ജീവനോടെ കുരിശിൽ തറക്കുകയും വിശുദ്ധ എണ്ണയിൽ മാമ്മോദീസാ മുക്കുകയും ചെയ്യാറുണ്ട്. മാത്രവുമല്ല, നഗ്നരാക്കിയ നവജാത ശിശുക്കളെ ബലിപീഠത്തിൽ വയ്ക്കാറുമുണ്ട്. ആൺകുട്ടികളുടെ കഴുത്ത് മുറിച്ച ശേഷം അവിടെ നിന്ന് വരുന്ന രക്തമാവും കാസയിൽ ഒഴിക്കുന്നതിന് ഉപയോഗിക്കുക. ക്രിസ്ത്യൻ പ്രാർത്ഥനകളെ തലതിരിച്ചാണ് ഇവർ ചൊല്ലുക. നിന്ദ്യമായ പദപ്രയോഗങ്ങളാണ് കറുത്ത കുർബ്ബാനയിൽ ഉടനീളം ഉപയോഗിക്കുക. ക്രിസ്തുവിന്റെ അടയാളമായ കുരിശിനെ നിന്ദിക്കുന്നതിനായി കാൽവെള്ളയിൽ അവർ കുരിശ് പച്ചകുത്താറുണ്ട്.

സാത്താൻ സഭ എന്ന പേരിൽ കുപ്രസിദ്ധമായ ഒരു വിഘടിതസംഘം 1969ൽ സാത്താൻ കുർബാന'യുടെയും സാത്താൻ ബൈബിളി'ന്റെയും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ലത്തീൻ കുർബാനയെ അനുകരിച്ച് ത്രിത്വനാമത്തിനു പകരം സാത്താന്റെ നാമത്തിലാണ് കറുത്ത കുർബാന ആരംഭിച്ചിരുന്നത്.

സാത്താൻ ആരാധനയും കറുത്ത കുർബാനയും സകല ധാർമ്മികതയെയും ലംഘിക്കുന്നതാകയാൽ സദാചാരവിരുദ്ധർ ഇത്തരം കർമ്മങ്ങളിലേക്ക് ആവേശപൂർവം ആകർഷിക്കപ്പെടുന്നത് തികച്ചും സ്വാഭാവികമാണ്. ലൈംഗിക അരാജകത്വത്തിന് പരസ്യമായ അംഗീകാരം നൽകുന്നതിനാൽ കറുത്ത കുർബാന ആത്യന്തികമായി പരസ്യ വ്യഭിചാരം തന്നെയാണ്. സമൂഹത്തിലെ ഏറ്റവും സമ്പന്നരും വരേണ്യരുമായ വിഭാഗം മാത്രമേ പലപ്പോഴും കറുത്ത കുർബാനയിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെടാറുള്ളൂ. ഒരിക്കൽ പങ്കെടുത്തവർക്ക് പിന്നീട് പിൻവലിയാനുള്ള സകല പഴുതുകളും അടയ്ക്കപ്പെടുന്നതിനാൽ സാത്താൻ ഗ്രൂപ്പുകളിലെ അംഗത്വം പലപ്പോഴും നിർബന്ധിത അടിമത്വമായിമാറുന്നു.

വ്യത്യസ്ത കാലങ്ങളിൽ നിലനിന്ന സാത്താൻ ഭക്തിക്കും ആരാധനാക്രമങ്ങൾക്കും വൈവിധ്യമാർന്ന സ്വഭാവമാണുള്ളത്. സാത്താനെ ദൈവമായി അംഗീകരിക്കുന്ന കാര്യത്തിൽ അവയെല്ലാം ഐക്യതയുണ്ടെങ്കിലും, അവയുടെ അടിസ്ഥാനപ്രമാണങ്ങൾക്കും ആരാധനാക്രമങ്ങൾക്കും വ്യത്യാസമുണ്ട്. ആധുനിക കാല സാത്താൻ സേവയ്ക്കു പ്രധാനമായി മൂന്നുഘട്ടങ്ങളാണുള്ളത്. ഒന്ന്, അലിസ്റ്റർ ക്രോവ്‌ലിയുടെ കാലം. അദ്ദേഹം ഒരു സാത്താൻ സേവക്കാരൻ എന്നതിനേക്കാൾ ഒരു മന്ത്രവാദിയും ഗൂഢവിദ്യാ വിശാരദനുമായിരുന്നു. തുടർന്നുവന്ന 'സാത്താൻ സഭ'യുടെ കാലഘട്ടം അതിന്റെ പ്രണേദാവായിരുന്ന ആന്റോൺ എസ്. ലാവെയുടെ പേരിനോടു ബന്ധപ്പെടുത്തിയാണ് അറിയപ്പെടുന്നത്. മൂന്നാംഘട്ടം 'സെറ്റിന്റെ ദേവാലയം' എന്ന പ്രസ്ഥാനത്തിന്റെ ഉദയത്തോടെയാണ്.

**അലിസ്റ്റർ ക്രോവ്‌ലി (1875–1947)**

ഇംഗ്ലണ്ടിലെ വാർവിക്ഷയറിൽ 1875 ഒക്ടോബർ 12 നു വിക്ടോറിയൻ കാലഘട്ടത്തിന്റെ ഉച്ചകോടിയിൽ ഒരു സമ്പന്നകുടുംബത്തിൽ പിറന്ന ബാലനാണ് എഡ്വേഡ് അലക്സാണ്ടർ ക്രോവ്‌ലി. പതിനൊന്നാം വയസ്സിൽ മരണപ്പെട്ട തന്റെ പിതാവിനോടും കുടുംബത്തോടുമുള്ള വിദ്വേഷം നിമിത്തം സ്വയം സ്വീകരിച്ച പേരാണ് 'അലിസ്റ്റർ' എന്നത്. വളരെ ചെറുപ്രായം മുതൽ തന്നെ വഴിപിഴച്ച ജീവിതം നയിച്ചിരുന്ന ക്രോവ്‌ലി മന്ത്രവാദത്തിലും ഗൂഢവിദ്യയിലും എത്തിപ്പെട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ.

1904ൽ തന്റെ രണ്ടാം ഭാര്യയായിരുന്ന റോസുമായി ഈജിപ്റ്റിലെ കെയ്റോ സന്ദർശിക്കുമ്പോൾ തനിക്കുണ്ടായി എന്നു പറയുന്ന വിചിത്രമായ ഒരനുഭവമാണ് പുതിയൊരു മതത്തിന്റെ രൂപീകരണത്തിലേക്കു ക്രോവിലെ നയിച്ചത്. 'ഹോറസ്' എന്ന ദൈവത്തിന്റെ ദൂതനായ 'ഐവാസ്' എന്നൊരു ശക്തി ക്രോവ്‌ലിയുമായി സംഭാഷണത്തിൽ ഏർപ്പെടുകയും മനുഷ്യരാശിയുടെ ഒരു പുതിയ യുഗം തുടങ്ങുകയാണെന്ന് അറിയിക്കയുണ്ടായി. ക്രോവ്‌ലിയെ അതിന്റെ 'പ്രവാചകനായി' ആ അശരീരി നിയമിച്ചു. തുടർമാനമായി മൂന്നു ദിവസങ്ങളിൽ ഐവാസ് സംസാരിച്ച വചനങ്ങൾ ക്രോവ്‌ലി കുറിച്ചെടുക്കുകയും അവയെ 'നിയമത്തിന്റെ പുസ്തകം' എന്നു നാമകരണം ചെയ്യുകയും ചെയ്തു. ഐവാസ് ക്രോവ് ലിയ്ക്കു കൊടുത്ത പ്രമാണങ്ങളിൽ

06

ലേഖനം

# സ്വർഗ്ഗരാജ്യത്തിലെ കളകൾ



പാസ്റ്റർ ജോൺസൺ സഖറിയ, ഡാളസ്

സ്വർഗ്ഗരാജ്യത്തിൽ കളകളോ? സംശയിക്കേണ്ട. ഇതു പ്രസ്താവിച്ചതു യേശുക്രിസ്തുവാണ്. സ്വർഗ്ഗരാജ്യം എന്നു കേൾക്കുമ്പോൾ അതു സ്വർഗ്ഗം ആണെന്നു ആരും തെറ്റിദ്ധരിക്കരുത്. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും രണ്ടും രണ്ടാണ്. ഏവർക്കും മനസ്സിലാകുന്ന ഒരു വ്യാഖ്യാനം പറഞ്ഞാൽ സ്വർഗ്ഗരാജ്യം ഇന്നത്തെ ക്രൈസ്തവ സമൂഹങ്ങളെയാണ് കാണിക്കുന്നത്. ഇതിൽ നല്ലതും തീയതുമായതെല്ലാമുണ്ട്. കതിരും കളയും വളരെയുണ്ട്. മത്തായി എഴുതിയ സുവിശേഷം പതിമൂന്നാം അദ്ധ്യായം വായിക്കുമ്പോൾ എല്ലാം നമുക്കു വ്യക്തമാകും.

സ്വർഗ്ഗരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന ദാസന്മാരും ഇതിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ശത്രുക്കളും എന്നുമുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ ദാസന്മാർ നല്ലതുമാത്രം ചെയ്യുന്നവരാണ്. എന്നാൽ ശത്രുക്കൾ കളകൾ മാത്രമാണ് നടുന്നത്. ഇരുട്ടിന്റെ മറവിൽ ആണു ഈ ശത്രുക്കൾ അധികവും പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് കർത്താവ് പറഞ്ഞതു മനുഷ്യൻ ഉറങ്ങുമ്പോഴാണ് ശത്രുക്കൾ കള വിതച്ചത്. സ്വർഗ്ഗരാജ്യത്തിന്റെ (ദൈവരാജ്യത്തിന്റെ) വ്യാപ്തിക്കുവേണ്ടി പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ടവരാണല്ലോ ദൈവത്തിന്റെ ദാസന്മാർ. അവർ വെളിച്ചത്തിന്റെ ദാസന്മാരാണ്.

സ്വർഗ്ഗരാജ്യത്തിന്റെ പ്രവർത്തകർക്കു ആത്മീകമാന്ദ്യം (ഉറക്കം) സംഭവിച്ചാൽ അവിടെ ശത്രു (സാത്താൻ) ശക്തമാകും. അവന്റെ പ്രവർത്തനങ്ങൾ തപകം ആണ്. ശിംശോന്റെ ഉറക്കം തന്നെ അപകടത്തിലേക്കു ആനയിച്ചു. യോനയുടെ ഉറക്കം അയ്യം വിളിക്കു കാരണമായി. ശിഷ്യന്മാരുടെ ഉറക്കം പരീക്ഷയാൽ പരാജയപ്പെടുവാനിടയായി. മാത്രമല്ല, കർത്താവുമായി ഒരുമിച്ചു പ്രാർത്ഥിക്കുവാനുള്ള പദവി തന്നെ നഷ്ടപ്പെട്ടു. ഉറക്കം മൗനത്തേയും കർത്തവ്യരഹിതത്തേയുമാണ് കാണിക്കുന്നത്. സംസാരിക്കേണ്ടതു സംസാരിക്കേണ്ടതുപോലെ സംസാരിക്കേണ്ട സമയത്തു സംസാരിക്കുന്നില്ലെങ്കിൽ അപകടമുണ്ട്. അതുകൊണ്ടാണു മോർദ്ദേഖായി എസ്ഥേരിനോട് പറയുന്നതു "നീ ഈ സമയത്തു മിണ്ടാതിരുന്നാൽ.....നീയും നിന്റെ കുടുംബവും നശിച്ചുപോകും". കർത്തവ്യരാഹിത്യം ശത്രുവിനു ധൈര്യം പകരുന്നതാണ്. അതുകൊണ്ടത്രെ മനുഷ്യർ ഉറങ്ങിയപ്പോൾ ശത്രു കള വിതച്ചു എന്നു കർത്താവ് പറഞ്ഞത്.

സ്വർഗ്ഗരാജ്യത്തിലെ കളകൾ വളരെ ഏറെ കുഴപ്പങ്ങളും സംശയങ്ങളും ഉണ്ടാക്കുന്നു. പലപ്പോഴും നല്ലത് ഏത് തീയത് ഏത് എന്നു തിരിച്ചറിയുവാൻ ബുദ്ധിമുട്ടും. എന്നാൽ കതിർ (ഫലം) കണ്ട് കഴിഞ്ഞാൽ കാര്യങ്ങൾ വ്യക്തമാകും. (1) ആത്മീയ ശിശുക്കളെ വളരെയധികം സംശയത്തിലാക്കുന്നതാണീ കളകൾ. (2) നല്ലതിനോടു ചേർന്നു നിന്നുകൊണ്ട് അതിന്റെ വളർച്ചക്കു തടസ്സങ്ങളുണ്ടാക്കുന്നതാണീ കളകൾ. (3) നല്ലവിത്തിന്റെ വളർച്ചക്കാവശ്യമായ "വളം" അപഹരിച്ച് സ്വയം വളരുന്നു. അതു നല്ല വിത്തിനു ദോഷം ചെയ്യുന്നു. (4) കളയിൽ ഫലങ്ങളൊന്നുമില്ലെങ്കിലും വിത്തുകൾ വളരെയാണ്. ഇതു നല്ല നിലത്തെ നശിപ്പിക്കുവാൻ എളുപ്പമാണ് (5) ചില പ്രത്യേക സന്ദർഭങ്ങളിൽ കളകൾ ഉണങ്ങി എന്നു തോന്നിയാലും. അതിന്റെ തിരിച്ചു വരവ് പഴയതിലും ശക്തിയോടാണ്. ആകയാൽ കളകളെ തിരിച്ചറിഞ്ഞേ മതിയാകൂ.

സ്വർഗ്ഗരാജ്യത്തിൽ എവിടെയാണ് കളകൾ വളരുന്നത്? എവിടെ നല്ലതുണ്ടോ അവിടെയെല്ലാം കളകളുമുണ്ട്. ചിലപ്പോൾ കളകൾ ആണോ കൂടുതലും എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നല്ലതു ഇല്ലെന്നല്ല. ദൈവസഭയാം തോട്ടത്തിൽ അനേകം നല്ല സസ്യങ്ങൾ കതിരുകളോടെ നില്ക്കുന്നത് ആത്മീയ പ്രകാശനമുള്ള ദൈവജനത്തിനു കാണാം. എന്നാൽ ഫലങ്ങളൊന്നുമില്ലാതെ മറ്റുള്ളവരിൽ നിന്നും അപഹരിച്ചുമാത്രം വിലസുന്ന കളകളെ അനുഗമിക്കാതെ അവയുടെ ഇടയിൽ നിന്നും വേർപ്പെട്ടിരിക്കുവാൻ ദൈവജനം മടി കാണിക്കരുത്. കതിരുകളോടു കൂടിനില്ക്കുന്ന നല്ല സസ്യത്തേക്കാൾ പച്ചയായി പലപ്പോഴും കളകളെ കാണുവാൻ സാധിക്കും. എന്നാൽ ഫലം കൊണ്ട് നല്ലതിനെ നാം അറിയുകയും അംഗീകരിക്കുകയും ചെയ്യണം.

**കളകൾ ആരാധനയുടെ മറവിൽ**

സ്വർഗ്ഗരാജ്യത്തിലെ കളകൾക്കു സ്വൈര്യ വിഹാരം ചെയ്യുവാനും കൊയ്തു കൂട്ടുവാനും ഇവർ കണ്ടെത്തിയിരിക്കുന്ന ഒരു "വയൽ" ആണ് ആരാധനസ്ഥലങ്ങൾ. ആരാധനയുടെ മറവിൽ അന്യായങ്ങൾ ചെയ്യുന്നതു ആരംഭിച്ചതു ആദിമ കുടുംബത്തിൽ തന്നെയാണ്. കയീൻ ഹാബേലിനെ വകവരുത്തിയതു ഓർമ്മയില്ലേ? എന്നാൽ ദൈവത്തിന്റെ സഭയിൽ പരിശുദ്ധാത്മാവിന്റെ ആധിപത്യമാണുള്ളത്. എങ്കിലും വിശുദ്ധിയുടെ പ്രമാണം വിട്ട ആരാധനക്കാർ വ്യാജാത്മാവിന്റെ സഹായത്തോടെ അന്യാരാധന ശക്തമാക്കിയിരിക്കുകയാണ്. ഇൻഡ്യയിലെ പ്രധാന നൃത്തങ്ങളുടെ കൂട്ടത്തിൽപെട്ട ഒഡിസ്സി, കുച്ചിപ്പുടി, മണിപൂരി, കഥക്, കഥകളി, ഭാരതനാട്യം എന്നിവയെ വെല്ലുന്ന പരിപാടികളല്ലെ ഇന്നു പലയിടങ്ങളിലും ആരാധനയുടെ പേരിൽ നടത്തുന്നത്. ദൈവപ്രമാണങ്ങൾ വിട്ടു സ്ത്രീപുരുഷന്മാർ ആടി തകർക്കുന്ന ആരവാര കൂട്ടങ്ങൾക്കു നേതൃത്വം നൽകുന്നു. അന്യാഗ്നി ആഭിചാരക അഭിഷിക്തന്മാരായ ആകാത്തവേലക്കാർക്കു ജെയ് വിളിക്കുവാൻ വക്രതയുള്ള നക്ഷത്രങ്ങളുടെ പെരുപ്പം ധൈര്യം പകരുന്നു. ആകയാൽ ഈ വിദ്രുത സർപ്പസന്തതികൾ അരങ്ങുതകർക്കുകയാണ്. അടുത്ത തെരഞ്ഞെടുപ്പിലും കസേര നിലനിർത്തണമെന്നും ഇതിനാൽ നേതാക്കന്മാർ മൗനവ്രതത്തിലും. ദൈവമക്കളുടെ ആരാധനയിൽ എന്നും പരിശുദ്ധാത്മ നിറവിൽ ഉള്ള പ്രവർത്തനങ്ങൾ മാത്രമെയുള്ളൂ. എന്നാൽ പ്രമാണം വിട്ട ആരാധനക്കാർ കായിക അഭ്യാസങ്ങളുടെ രീതിയിൽ ജനത്തെ എഴുന്നേൽപ്പിക്കുന്നു. കൈകൾ കൂട്ടി അടിക്കുവാനും ഉയർത്തുവാനും നിർബന്ധിക്കുന്നു. ജനത്തെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കുന്നു. ബോധമില്ലാത്ത ജനം ബോധക്കേടിൽ എത്തുകയോ ചെയ്യുന്നു. **(തുടരും)**

# ഡിസ്ട്രിക്റ്റ് കൺവൻഷൻ



**എറണാകുളം:** ചർച്ച് ഓഫ് ഗോഡ് എറണാകുളം നോർത്ത് ഡിസ്ട്രിക്റ്റ് കൺവൻഷൻ കാക്കനാട് സീ-പോർട്ട്, എയർപോർട്ട് റോഡിന് സമീപം തയ്യാർ ചെയ്ത പന്തലിൽ വച്ച് ഏപ്രിൽ 27, 28, 29, 30 തീയതികളിൽ നടന്നു. റവ. സി.സി. തോമസ് (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റർമാരായ എ. റ്റി. ജോസഫ്, വി.ടി. ഏബ്രഹാം, എ. സി. ജോർജ് എന്നിവർ പ്രസംഗിച്ചു. ഹിസ് സെർവന്റ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# സംയുക്ത ബി. വി. എസ്



**എറണാകുളം:** ചർച്ച് ഓഫ് ഗോഡ് എറണാകുളം നോർത്ത് ഡിസ്ട്രിക്റ്റിന്റെ ചിൽഡ്രൻസ് ഫെസ്റ്റ് - 2017 ചേരാനെല്ലൂർ ക്രിസ്ത്യൻ സെന്ററിൽ ഏപ്രിൽ 17-22 വരെ നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ ഏ. റ്റി. ജോസഫ് ഡെഡിക്കേഷൻ ക്ലാസ് നയിച്ചു. ബ്രദർ സാമുവേൽ സാം കോർഡിനേറ്ററായി പ്രവർത്തിച്ചു. 50-ൽ അധികം കുട്ടികൾ യേശുവിനായി സമർപ്പിച്ചു.

ലേഖനം

# തിയോളജി പഠനം അനാവശ്യമോ?



സ്കറിയ ഡി. വർഗീസ് വാഴൂർ

കഴിഞ്ഞ ദിവസം കോട്ടയം നഗരത്തിൽ ഒരു സുവിശേഷകന്റെ (22 വയസിൽ താഴെ മാത്രം പ്രായം കാണും) വലിയ ഫ്ലെക്സ് ബോർഡു പരസ്യം പ്രത്യക്ഷപ്പെട്ടു. എട്ടാം ക്ലാസു വരെ മാത്രം വിദ്യാഭ്യാസം, ഒരു ബൈബിൾ കോളജിലും പഠിച്ചിട്ടില്ല, കടന്നു വരിക അത്ഭുത വിടുതൽ. വേദപാഠശാലയിൽ പഠിക്കാത്തത് ഏതോ അധിക യോഗ്യത എന്ന നിലയിലാണ് ഇതിൽ പറയുന്നത്.

വിവരക്കേടിന്റെ അരങ്ങായ മറ്റൊരു സുവിശേഷത്തിന്റെ സ്വാധീനം കേരളക്കരയിൽ എത്രത്തോളം എത്തി എന്നത് ഈ ബോർഡുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. കേരളക്കരയിൽ ഉൾപ്പടെ ആരംഭ സമയങ്ങളിൽ സുവിശേഷ വേലയ്ക്കായി ഇറങ്ങിയവരിൽ പലർക്കും വലിയ വിദ്യാഭ്യാസം ഇല്ലായിരുന്നു എങ്കിലും അവർ ക്രിസ്തീയ പരിജ്ഞാനത്തിൽ സമ്പന്നരായിരുന്നു.

എന്താണ് തിയോളജി? തിയോസ്, ലോഗോസ് എന്നീ പദങ്ങളുടെ സംയുക്ത രൂപമാണ് തിയോളജി അഥവാ ദൈവശാസ്ത്രം. പ്രപഞ്ചസൃഷ്ടിതാവായ ത്രിയേകനായ മഹാദൈവത്തെപറ്റിയുള്ള ക്രമീകൃതവും വ്യവസ്ഥാപിതവുമായ പഠനമാണ് ദൈവശാസ്ത്രത്തിന്റെ ഉള്ളടക്കം. ആധുനിക സുവിശേഷകരിൽ പലരും ദൈവശാസ്ത്ര പഠനത്തെ പുച്ഛിച്ചു തള്ളുന്ന പ്രവണത കണ്ടു വരുന്നു. ശരിയായ ആത്മീയതയും തിയോളജിയും രണ്ട് ദിശകളിലാണ് പോകുന്നത് എന്നും ആകയാൽ തിയോളജി പഠനത്തിന്നൊന്നും പോകാതെ കൃപയാലുള്ള അനുഗ്രഹം വ്യവസ്ഥ കൂടാതെ നേടുവാനുള്ള വഴി നോക്കണം എന്നും ഇവർ ജനത്തെ പഠിപ്പിക്കുന്നു. നാം ഒരു കാര്യം മനസ്സിലാക്കിയിരിക്കുക, ഒരിക്കലായി നൽകപ്പെട്ടതും മഹാ ദൈവത്തിന്റെ പൂർണ്ണതയുള്ള വെളിപ്പാടുമായ വിശുദ്ധ ബൈബിളിന്റെ പരിധിക്കുപുറത്ത് ദൈവശാസ്ത്ര പഠനത്തിന് യാതൊരു പ്രസക്തിയും ഇല്ല.

ബാഹ്യ ലോകത്തിൽ ഇന്നു കാണുന്ന എല്ലാവിധ ഉപദേശങ്ങളും വ്യാഖ്യാനങ്ങളും പാരമ്പര്യങ്ങളും തിരുവചനം ഉപയോഗിച്ച് ശോധന ചെയ്യപ്പെടേണ്ടതാണ്. "അത് അങ്ങനെ തന്നെയോ എന്ന് ദിനം പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്ന ബെരോവക്കാരെ നമുക്ക് ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്"(പ്രവർത്തി:17:11). എന്നാൽ മറച്ചു വയ്ക്കുവാൻ പലതുമുള്ളതിനാൽ ഈ പരിശോധനയെ ഭയപ്പെടുന്നവരാണ് ദൈവശാസ്ത്ര പഠനത്തെ ഇന്നും ശക്തമായി എതിർക്കുന്നത്.

പെന്തെക്കോസ്തു നാളിൽ സഭ സ്ഥാപിതമായപ്പോൾ പത്രോസ് ശ്ലീഹയാൽ നടത്തപ്പെട്ട ആദ്യപ്രസംഗത്തിൽ വിവരിക്കപ്പെട്ട ഏഴ് ഉപദേശങ്ങൾ (പ്രവർത്തി:2:38-42) അടിസ്ഥാനമാക്കി തന്നെയാണ് ദൈവശാസ്ത്രം പ്രത്യേകാൽ പെന്തെക്കോസ്തു ദൈവശാസ്ത്രം രൂപീകൃതമായത്. ഈ ദൈവശാസ്ത്രത്തിന്റെ വ്യക്തമായ വിശദീകരണമാണ് പുതിയ നിയമത്തിലെ 21 ലേഖനങ്ങളിലും നാം കാണുന്നത്. കേരളക്കരയിൽ സത്യസുവിശേഷത്തിന്റെ ദീപശിഖ ഏന്തിയ ബർഗ്ഗും, കുക്കു സായിപ്പും, ഉണ്ണുണ്ണിസാറും, കെ. സി. ചെറിയാനും, പി.എം. ഫിലിപ്പും എല്ലാം ഈ പെന്തക്കോസ്തു ദൈവശാസ്ത്രത്തിന്റെ വക്താക്കളായിരുന്നു.

പൗലോസ് ശ്ലീഹ എഴുതുന്നു "ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ"(ഗലാ:1:8). എന്താണ് അപ്പോസ്തലന്മാർ ഉപദേശിച്ചത് എന്ന് അറിയണമെങ്കിൽ തിരുവചനം ധ്യാനിച്ചു നന്നായി വായിച്ചു പഠിക്കുവാൻ തയ്യാറാകണം. ഉപദേശ വിശുദ്ധിക്കായി നിലകൊള്ളുന്ന നിരവധി വേദ പാഠശാലകളും അധ്യാപകരും ഇന്ന് ധാരാളം ഉണ്ട്. ക്രമീകൃത തിരുവചന പഠനത്തിനാവശ്യമായ പ്രോത്സാഹനം ഈ ബൈബിൾ കോളജുകൾ നൽകുന്നു.

പ്രിയരെ ഇവിടുത്തെ വേദവിദ്യാർത്ഥികളും തികച്ചും ജഡീകരാണ് എന്നു പറഞ്ഞു നടക്കുന്ന പുതുതലമുറ പ്രസംഗകർക്കു പുറകിൽ ശത്രുവായ സാത്താന്റെ ബുദ്ധികേന്ദ്രമാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത നാം അറിയാതിരിക്കരുത്. വേദപാഠശാലകളിൽ തുടർമാന പഠനത്തിനു സാവകാശമില്ലാത്തവർ ഓൺലൈൻ ബൈബിൾ പഠനത്തെയോ മികച്ച സ്റ്റഡി ബൈബിളുകളെയോ ഒക്കെ ആശ്രയിക്കുന്നതു നല്ലതാണ്. ചിലർ ചോദിക്കാറുണ്ട് പൗലോസ് ശ്ലീഹ ഏതു ബൈബിൾ കോളജിലാണ് പഠിച്ചത് എന്ന്? ഇന്നത്തെ ഏതു ദൈവശാസ്ത്ര പണ്ഡിതനിലും ഉയർന്ന യോഗ്യത തനിക്കുണ്ടായിരുന്നു എന്നു തിരുവചനം വ്യക്തമാക്കുന്നു. തർസോസ് സർവ്വകലശാല നൽകിയ ഉന്നത ബിരുദത്തിനു പുറമെ യഹൂദ മത പണ്ഡിതനായ ഗമാലിയേലിന്റെ കീഴിൽ ന്യായപ്രമാണം പഠിക്കുവാൻ കൂടി അവസരം തനിക്കു ലഭിച്ചിരുന്നു (പ്രവർത്തി:22) മാനസാന്തരാനന്തരം മൂന്നര വർഷം നീണ്ട അറേബ്യൻ വാസകാലത്ത്, ക്രിസ്തുവിന്റെ ഐഹീക ജീവിതകാലത്ത് ക്രിസ്തുവിനെ അനുഗമിക്കുവാൻ അവസരം ലഭിക്കാതെ പോയ പ്രിയ ശിഷ്യന്, മഹാദൈവത്തിന്റെ അനാദി നിർണ്ണയ കാര്യപരിപാടിയിലെ സഭയാം മർമ്മം(എഫേ:3:9,10) ഉൾപ്പെടെ വെളിപ്പെടുത്തുവാൻ സ്വർഗ്ഗത്തിനു പ്രസാദമുണ്ടായി. (ഗലാ:1:17 ; 1കൊരി:11:23 ; പ്രവ:22:3).

തിരുവചന പഠനത്തെ പുച്ഛിക്കുന്ന ഒരു തലമുറ എഴുന്നേൽക്കുന്നതു മുൻപേ കണ്ട പത്രോസ് ശ്ലീഹ എഴുതി "നിങ്ങളിലുള്ള പ്രത്യാശയെ കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (പത്രോസ് 3:15). ഒരു ഉത്തമ ക്രിസ്തു ശിഷ്യൻ മരണം വരെ നല്ല ഒരു പഠിതാവു കൂടി ആയിരിക്കേണം എന്ന വസ്തുത ദൈവജനം അറിഞ്ഞിരിക്കേണം.

## ചോദ്യോത്തരവേദി

# ആർഷഭാരത സംസ്കാരം ആകർഷണീയമായിരുന്ന കാലഘട്ടം ഏത്?

**ചോദ്യം:** എട്ടു നൂറ്റാണ്ടിനു ശേഷം ഹൈന്ദവ ഭരണം (ആർഷഭാരത സംസ്കാരം) വീണ്ടുമെത്തിയെന്ന് വിശ്വഹിന്ദു പരിക്ഷത്തു നേതാവ് അശോക് സിംഗൾ (റിപ്പോർട്ട് മലയാള മനോരമ 21.11.2014). ക്രിസ്ത്യാനികൾ ഹിന്ദു മതത്തിലേക്ക് മടങ്ങണമെന്ന് ചില പ്രാദേശിക തീവ്രഹിന്ദു നേതാക്കൾ ആവശ്യപ്പെടുന്നു. പല സ്ഥലത്തും ക്രിസ്ത്യാനികൾ ഹിന്ദു മതത്തിലേക്ക് മാറുന്നു. അതിനെതിരെ മതമേലദ്ധ്യക്ഷന്മാർ പ്രസ്താവനകൾ ഇറക്കുന്നു. ബുദ്ധിമാന്മാരായ ഭാരതീയരാണ് ലോകത്തിലെ കണ്ടുപിടുത്തങ്ങളെല്ലാം നടത്തിയതെന്ന് youtubeലൂടെ ,സൂര്യനെ ദൈവമായി വിശ്വസിച്ചാരാധിക്കുന്നവർ തെളിവുകളോടെ പ്രചരിപ്പിക്കുന്നു. അവരുടെ അവകാശവാദങ്ങൾ താഴെക്കുറിക്കുന്നു. പൂജ്യം എന്ന സംഖ്യ ലോകത്തിന് സംഭാവന ചെയ്തതു ബ്രഹ്മഗുപ്തനാണ്. യജുർവേദത്തിൽ ,ചെമ്പ്, പിച്ചള,നാകം, ഈയം തുടങ്ങിയ ലോഹങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ എ.ഡി.1500 ലാണ് യൂറോപ്യൻമാർ ഈ ലോഹങ്ങൾ കണ്ടുപിടിച്ചത്.വെളിച്ചത്തിന്റെ ഏഴു നിറങ്ങൾ ഐസക്ന്യൂട്ടൻ കണ്ടുപിടിക്കുന്നതിനു മുമ്പ് സൂര്യദേവൻ തന്റെ ഏഴു രശ്മികൾ ഭൂമിയിലേക്ക് അയക്കുന്നു എന്ന് വിശ്വാമിത്രൻ എഴുതിയിരിക്കുന്നു.എ.ഡി.1148-ൽ ഭാസ്കരാചാര്യൻ ഗുരുത്വാകർഷണം കണ്ടുപിടിച്ചു. പട്ടിക നീളുകയാണ്. ഇതിനോടുള്ള പ്രതികരണം അറിയിക്കുമോ?

**-സോണിയ, എൻജിനിയറിംഗ് കോളജ്,കിടങ്ങൂർ**



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ഉത്തരം:** ഒരു ഇന്ത്യാക്കാരനായി ജനിച്ചതിൽ ഞാൻ സന്തോഷവാനാണ്. മുതലാളിത്ത രാജ്യമായ അമേരിക്കയിലോ, കമ്മ്യൂണിസ്റ്റ് രാജ്യമായ റഷ്യയിലോ, ചൈനയിലോ ഇസ്ലാമിക തീവ്രവാദമുള്ള പാക്കിസ്ഥാനിലോ, സുഡാനിലോ, ഇറാനിലോ, ഇറാഖിലോ, സിറിയയിലോ.......... അതുപോലുള്ള രാജ്യങ്ങളിൽ ജനിക്കാതിരുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ആർഷഭാരത സംസ്കാരം അതായത് മഹർഷിമാർ പകർന്നു തന്ന സംസ്കാരം അഥവാ പുരാതന ഭാരതീയ സംസ്കാരം എന്നാണ് മലയാളഭാഷാ നിഘണ്ടു ആർഷഭാരത സംസ്കാരത്തെക്കുറിച്ച് പറയുന്നത്. ചോദ്യത്തിൽ പരാമർശിക്കപ്പെട്ട കണ്ടുപിടിത്തങ്ങളുടെ നിജസ്ഥിതി ഞാൻ തിട്ടപ്പെടുത്തിയിട്ടില്ല. അഥവാ കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ തന്നെ, യാതൊരു ശാസ്ത്രീയ,സാമൂഹ്യ, സാമ്പത്തീക പുരോഗതിയും കണ്ടുപിടിത്തങ്ങളുടെ ഭാഗമായി പുരാതന ഭാരതത്തിൽ എവിടെയെങ്കിലും പ്രതിഫലിക്കപ്പെട്ടതായി ചരിത്രരേഖകളില്ല. ഏതായാലും പുരാതന ഭാരതത്തിൽ കുറഞ്ഞപക്ഷം 150 വർഷം മുമ്പുള്ള ഭാരതത്തിൽ, ഏതെങ്കിലും നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിൽ ഞാൻ ജനിച്ചില്ല എന്നതിനാൽ എനിക്ക് സന്തോഷം ഉണ്ട്. കാരണം, ധാരാളം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അന്നു നിലനിന്നിരുന്നു. അതിൽ ചിലത് താഴെ കുറിക്കട്ടെ.!

1. കുഞ്ഞുങ്ങൾ ജനിച്ചാൽ അതു പെൺകുഞ്ഞുങ്ങളാണെങ്കിൽ ഉടനെ കൊന്നുകളയുമായിരുന്നു.
2. ചിതയിൽ എരിഞ്ഞടങ്ങുന്ന ഭർത്താവിന്റെ മൃതശരീരത്തോടൊപ്പം ഭാര്യകൂടി വെന്തെരിയണം എന്ന ആചാരം (സതി) ചിലടത്ത് നിലനിന്നിരുന്നു.
3. വിധവമാർക്ക് പുനർവിവാഹത്തിന് അനുവാദമില്ലായിരുന്നു.
4. പുരുഷൻമാർക്ക് ഇഷ്ടംപോലെ വിവാഹം കഴിക്കാനുള്ള അനുവാദം ഉണ്ടായിരുന്നു.
5. കുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നത് പ്രോത്സാഹിപ്പിച്ചിരുന്നു.
6. അടിമക്കച്ചവടങ്ങൾ പല പ്രദേശത്ത് നിലനിന്നിരുന്നു.
7. വഴിപാട് എന്ന വിശ്വാസത്താൽ അമ്മമാർ തങ്ങളുടെ കുട്ടികളെ ഗംഗാ നദിയിൽ എറിഞ്ഞു കളയുന്ന ആചാരം ഉണ്ടായിരുന്നു.
8. ചാതുർവർണ്യം നിലനിന്നിരുന്നു.ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലു ജാതികൾ ചേരുന്ന സാമൂഹിക വ്യവസ്ഥ നിലനിന്നിരുന്നു.
9. ശുദ്രരോടും, വൈശ്യരോടും തൊട്ടു കൂടായ്മ നിലനിന്നിരുന്നു.
10. സ്മൃതി അനുസരിച്ചുള്ള ക്രൂരശിക്ഷകളായിരുന്നു പല പ്രദേശത്തും നടപ്പിലാക്കിയിരുന്നത്. ഉദാഹരണത്തിന്, മോഷണം നടത്തിയവന്റെ കൈ രണ്ടും വെട്ടിക്കളയുക തുടങ്ങിയവ
11. നാട്ടുരാജാക്കന്മാർ തമ്മിൽ ഇടവിടാതെ യുദ്ധം ചെയ്ത് അന്യോന്യം ജനങ്ങളെ നശിപ്പിക്കുന്ന രീതിയായിരുന്നു പല ദേശത്തും നിലനിന്നിരുന്നത്.
12. ഭ്രാന്താശുപത്രികൾ രാജ്യത്ത് ഇല്ലായിരുന്നു.
13. അനാഥകുട്ടികൾ, കുഷ്ഠ രോഗികൾ, കാഴ്ചയില്ലാത്തവർ മുതലായവരെക്കുറിച്ച് ചിന്തയില്ലാത്ത സമൂഹമായിരുന്നു നിലനിന്നിരുന്നത്.
14. ക്ഷേത്രങ്ങളിൽ ദേവദാസി സമ്പ്രദായം നിലനിന്നിരുന്നു.
15. സ്ത്രീകൾക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം ഇല്ലായിരുന്നു.
16. സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അനുവാദമില്ലായിരുന്നു.(90 വർഷം മുൻപ് വരെ കേരളത്തിലെ സ്ത്രീകൾക്ക് മാറു മറയ്ക്കാൻ അനുവാദമില്ലായിരുന്നു.)

മുഗൾ ചക്രവർത്തിയായിരുന്ന അക്ബർ, സതിക്കെതിരെ ശക്തമായി നിലപാടെടുത്തെങ്കിലും അത് നിരോധിക്കാനായില്ല. രാജാറാം മോഹൻറോയ് ഒരു ബാലനായിരുന്നപ്പോൾ സ്വന്തം സഹോദരിയുടെ സതി ആചാരണം കണ്ട് അലറിക്കരയുകയുണ്ടായി. വളർന്നു വന്ന രാജാറാം മോഹൻറോയിയുടെ സതി വിരുദ്ധമനോഭാവത്തെ വിദേശ ക്രിസ്തീയ മിഷണറിമാരാണ് പ്രോത്സാഹിപ്പിച്ച് സതിയുടെ ആചാരം ഇല്ലാതാക്കിയത്. സർ നിക്കോളസ് എന്ന ആംഗ്ലിക്കൻ മിഷനറിയാണ് എല്ലാ ജനങ്ങൾക്കും ഒരു നിയമം മതി എന്ന് വ്യവസ്ഥ കൊണ്ടുവന്ന് ചാതുർവർണ്യം എന്ന സാമൂഹ്യ വ്യവസ്ഥ ഭാരതത്തിൽ ഇല്ലാതാക്കിയത്.

ബ്രീട്ടീഷുകാർ ഈസ്റ്റ് ഇൻഡ്യാ കമ്പനി രൂപീകരിച്ചത് ഇൻഡ്യയുടെ സമ്പത്ത് ചൂഷണം ചെയ്യാനായിരുന്നുവെങ്കിലും വിദേശക്രിസ്തീയ മിഷണറിമാർ പ്രവർത്തിച്ചത് ഭാരതത്തിലെ സാമൂഹ്യ അന്ധകാരം മാറ്റാനാണ്. ഇന്ത്യയുടെ വികസനം,വിജ്ഞാനം,അന്ധവിശ്വാസങ്ങളുടെ ദൂരീകരണം,അനാചാരങ്ങളുടെ തിരസ്ക്കരണവും ഇവയിലെല്ലാം വിദേശ ക്രിസ്തീയ മിഷണറിമാരുടെ സാന്നിദ്ധ്യവും പ്രവർത്തനവും കാണാതെപോകുന്നത് നന്ദികേടാണ്. പുരാതന ഭാരതത്തിന്റെ (പല നാട്ടുരാജ്യങ്ങളായിരുന്ന ഭാരതത്തിന്റെ ) ഏറ്റവും മെച്ചമായ ശാസ്ത്രീയ,സാമ്പത്തിക, സാമൂഹിക, അന്തരീക്ഷം ഏതു കാലഘട്ടത്തിലെങ്കിലും ഉണ്ടായിരുന്നോ എന്നെനിക്ക് സംശയമുണ്ട് . ആർക്കെങ്കിലും ചരിത്രപരമായ അറിവുണ്ടെങ്കിൽ അറിയിക്കണം. ഭക്ഷണസാധനങ്ങളായ കപ്പയും ഗോതമ്പും ചായയും കാപ്പിയും മറ്റനേകം പഴവർഗ്ഗങ്ങളും വിദേശത്തുനിന്നാണ് ഭാരതത്തിൽ കൊണ്ടുവന്ന് കൃഷിചെയ്തത്. ഓലമേഞ്ഞ നാട്ടുരാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ ഓടിട്ടതും കുളിമുറിയിൽ ക്ലോസറ്റ് പിടിപ്പിച്ചതും വിദേശികളാണ്. എഴുപതു വയസ്സിനുമുകളിലുള്ള ഏത് ഭാരതീയനും പഴയ ഭാരതത്തിലെ പട്ടിണിയുടെ രൂക്ഷതയെക്കുറിച്ച് അറിവുള്ളതാണ്. തിരുവതാംകൂറിൽ ചക്രങ്ങൾ ഉള്ള വണ്ടി എല്ലാ ജാതികൾക്കും ഉപയോഗിക്കുവാൻ അവകാശം ലഭിച്ചത് 1865-ൽ മാത്രമാണെന്ന് റോബിൻ ജെഫ്രി "നായർമേധാവിത്വത്തിന്റെ പതനം" എന്ന ഗ്രന്ഥത്തിൽ പറയുന്നു. താഴ്ന്ന ജാതികാർക്ക് വീടിന് ഓട് മേയാൻ അനുവാദമില്ലാതിരുന്ന കാലഘട്ടത്തിൽ ഓട് മേയാൻ അനുവദിച്ചത് **കേണൽ മൺറോ** ആയിരുന്നു. മസാലദോശ ഉണ്ടാക്കുന്ന രീതി ഏതാണ്ട് അറിയാമെന്നു തോന്നുന്നു. പക്ഷെ ഇതുവരെ മസാല ദോശ കണ്ടിട്ടുമില്ല കഴിച്ചിട്ടുമില്ല ഉണ്ടാക്കിയിട്ടുമില്ല എന്നു പറയുന്നതുപോലെ അല്ലേ ആർഷഭാരത സംസ്കാരത്തിന്റെ അഥവാ പുരാതന ഭാരതീയ സംസ്കാരത്തിന്റെ ശാസ്ത്രീയ സാമൂഹിക സാമ്പത്തിക ആകർഷണീയത.

വെറും രണ്ടു ശതമാനം മാത്രം ക്രിസ്ത്യാനികളുള്ള ഭാരതത്തിൽ വിശ്വാസത്തിനുവേണ്ടി ആയുധമെടുത്തു പോരാടുവാൻ ദൈവീക അനുവാദം ഇല്ലാത്ത ക്രിസ്ത്യാനികൾ ഹിന്ദുക്കൾക്ക് ഒരു ഭീഷണിയേ അല്ല. മുപ്പത്തിമുക്കോടി ദൈവങ്ങളുടെ കൂട്ടത്തിൽ ക്രിസ്ത്യാനികൾ പ്രസംഗിക്കുന്ന യേശുവിനെ ഉൾപെടുത്തുന്നതും അവർക്കൊരു ഭീഷണിയല്ല. മാത്രമല്ല, മതപ്രചരണം,ഭരണഘടന അനുവദിച്ചിട്ടുള്ള പൗരന്റെ മൗലീക അവകാശവുമാണ്. പിന്നെന്താണ് സവർണ്ണഹിന്ദുക്കളുടെ ഭയവും അവരുടെ ഭരണത്തിന്റെ ആകർഷണീതയും? വടക്കേ ഇൻഡ്യയിൽ പല പ്രദേശങ്ങളും സവർണ്ണരായ ജന്മികളാണ് നിയന്ത്രിക്കുന്നത്. ചാതുർവർണ്യവ്യവസ്ഥ തിരിച്ചുവരുവാൻ പലരും ആഗ്രഹിക്കുന്നു. അവർക്ക് സമൂഹത്തിൽ താണു നിൽക്കുന്നവരെ കൂലികൊടുക്കാതെ പണിയെടുപ്പിക്കണം. സ്ത്രീകളെ തട്ടികൊണ്ടുപോയാൽ ആരും ചോദ്യം ചെയ്യരുത്. അവരെകൊന്നാൽ കേസുണ്ടാകരുത്. എതിർസാക്ഷികളുണ്ടാവരുത്. എതിർക്കുവാൻ ആർക്കും ബലമുണ്ടാകരുത്. യേശുവിനെ സ്വീകരിക്കുമ്പോൾ ജിവന്റെ വെളിച്ചം ഒരുവനിൽ ഉണ്ടാകുമ്പോൾ വ്യക്തിത്വം പൂർണ്ണതയിലേക്ക് വികാസം പ്രാപിക്കാൻ തുടങ്ങുന്നു. ഓരോ വ്യക്തികളെയും ബഹുമാനിക്കുന്ന ക്രിസ്തീയത പെരുകുമ്പോൾ സമൂഹത്തിലെ അന്ധകാരം നീങ്ങുന്നു. ഈ അന്ധകാരം നീങ്ങുന്നതാണ് ജന്മികളുടെ പ്രശ്നം. അല്ലാതെ യേശുവിനെ ഒരുവൻ സ്വീകരിക്കുന്നതല്ല. യേശുവിനെ സ്വീകരിക്കുകയും ആശ്രയിക്കുകയും ചെയ്ത വ്യക്തി, പിന്നീട് യേശുവിൽ വിശ്വാസം നഷ്ടപ്പെടുകയും വേറെന്തെങ്കിലുമൊക്കെയോ ആശ്രയം വയ്ക്കുന്നതിന്, ഇവിടുത്തെ ക്രിസ്തീയ മതമേലദ്ധ്യക്ഷന്മാർ വിറളി പിടിക്കേണ്ട കാര്യമില്ല.അതൊരുവന്റെ വ്യക്തിപരമായ അവകാശമാണ്. യേശുവിനെ പ്രസംഗിച്ചു നടന്ന പൊയ്കയിൽ യോഹന്നാനുപദേശി പിന്നീട് കുമാരഗുരുദേവനായി മാറിയതുപോലെ ധാരാളം ഉദാഹരണങ്ങളുണ്ട്.

ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന വ്യക്തി പിന്നീട് ആ നാമം ധരിക്കുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് യേശുവിൽ വിശ്വാസം നഷ്ടപ്പെട്ട വ്യക്തി അവരിഷ്ടപ്പെടുന്ന ഏതു മതവിഭാഗത്തിലേക്കും മാറാനുള്ള സാഹചര്യം ക്രിസ്തീയ നേതാക്കൾ ഒരുക്കിക്കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതാണ് മാന്യത.

Ref : Sathya Prakasini,Published in 1926, Pages 39,40
Real life Voice August 2014 issue.

## 01 കത്തോലിക്ക, പ്രൊട്ടസ്റ്റന്റ്.....

2070 ആകുമ്പോഴേക്കും മുസ്ലീംങ്ങൾ ജനസംഖ്യയിൽ ക്രൈസ്തവരെ പിന്നിലാക്കും. മുസ്ലീംങ്ങളുടെ അഭൂതപൂർവ്വമായ ജനന നിരക്കാണിതിനു കാരണം.

## 04 ബ്ലാക്ക് മാസ്സ് അഥവാ....

ഏറ്റവും പ്രാധാനമായത് 'നിനക്ക് ഇഷ്ടമുള്ളതു ചെയ്യൂ നിയമത്തിന്റെ പൂർണ്ണത അതാണ്' എന്ന ആപ്തവാക്യമാണ്. അതുകൊണ്ട് ജനം 'ശരിയായ ഇച്ഛ' ചെയ്തു ജീവിക്കുകയാണ് പ്രധാനമെന്ന് അയാൾ പഠിപ്പിച്ചു. ഈ പ്രമാണം തന്നെയാണ് പിന്നത്തേതിൽ ക്രോവ്‌ലി രൂപീകരിച്ച പുതിയ മതമായ 'തെലീമ'യുടെ അന്തഃസത്ത.

'തെലീമ' എന്നത് ഇച്ഛ എന്നതിന്റെ ഗ്രീക്കു വാക്കാണ്. ക്രോവ്‌ലിയുടെ മതമായ തെലീമ ക്രിസ്തീയതയുടെയും ജ്ഞാനവാദ സിദ്ധാന്തത്തിന്റെയും ഫ്രീ മേസൺറി എന്ന ദുരുപദേശത്തിന്റെയും സങ്കരമാണ്. തെലീമയുടെ അടിസ്ഥാനപരമായ മൂന്നു വിശ്വാസപ്രമാണങ്ങൾ ഇവയാണ്: 1. ഇഷ്ടമുള്ളതു ചെയ്യുക, അതാണ് പ്രമാണത്തിന്റെ പൂർണ്ണത. 2. സ്നേഹമെന്നതാണ് പ്രമാണം, ഇച്ഛയ്ക്കു കീഴ്പ്പെട്ടു ജീവിക്കൂ. 3. എല്ലാ പുരുഷന്മാരും എല്ലാ സ്ത്രീകളും ഓരോ നക്ഷത്രമാണ്.

ക്രോവ്‌ലിയുടെ വീക്ഷണത്തിൽ സ്നേഹമെന്നതു സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹമാണ്. അങ്ങനെ ഇഷ്ടമുള്ളവരെ സ്നേഹിച്ചും, ഇഷ്ടം പോലെ ജീവിച്ചും 'തെലീമ' എന്ന സാത്താന്യ മതം അതിന്റെ അനുയായികളെ തികഞ്ഞ അരാജകത്വത്തിലേക്കാണ് വലിച്ചുകൊണ്ടുപോയത്.

## ഉയർന്ന നിലവാരം പുലർത്തി പെനിയേൽ വി.ബി.എസ്



2017 ഓഗസ്റ്റ് 18 മുതൽ 22 വരെ പെനിയേൽ ചർച്ച് ഓഫ് ഗോഡ് നടത്തിയ വി.ബി.എസ് 2017 വമ്പിച്ച വിദ്യാർത്ഥി പങ്കാളിത്തംകൊണ്ടും ആശയ വൈവിധ്യം കൊണ്ടും ജനശ്രദ്ധ ആകർഷിച്ചു. നിറഞ്ഞ സദസിനെ സാക്ഷി നിർത്തി 25 ഓളം കുഞ്ഞുങ്ങൾ ക്രിസ്തുവിനുവേണ്ടി ശിഷ്ടകാലം സമർപ്പിച്ചത് ഏറെ പ്രതീക്ഷ നല്കുന്നത് ആണ്. 200-ലധികം കുട്ടികൾ പങ്കെടുത്തു.

സമർപ്പണം ഉള്ള കുഞ്ഞുങ്ങളെ കണ്ടെത്തി ഞായറാഴ്ചകളിൽ അവർക്കായി സൺഡേ ബൈബിൾ സ്കൂൾ (എസ്.ബി.എസ്) ആരംഭിച്ചത് ഈ വി.ബി.എസിന്റെ നേട്ടമാണ്. അതിലൂടെ ക്രിസ്തുവിനെ അറിയാത്ത കുടുംബങ്ങളിലേക്ക് ചെന്നെത്തുവാൻ സഭ ശ്രമിച്ചു വരുന്നു. ചാരിറ്റി പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ കൂട്ടായ്മകൾ, പരസ്യയോഗങ്ങൾ എന്നിവയിലൂടെ സമൂഹത്തിലേക്ക് ക്രിസ്തുവിന്റെ സ്നേഹവുമായി ഇറങ്ങി ചെല്ലാൻ സഭ ആവോളം ശ്രമിച്ചു കൊണ്ടിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഗ്ലാഡ്സൺ വി. കരോട്ട് 9526696968

# സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പും ബോധവത്ക്കരണ സെമിനാറും




**ആറൻമുള:** PYPA (പെന്തെക്കോസ്ത് യുവജന സംഘടന) കുമ്പനാട് ഡിസ്ട്രിക്റ്റും, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടേയും സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 15 ശനിയാഴ്ച ആറൻമുള IPC ശാലേം സഭയിൽ വച്ചു നടത്തിയ ക്യാമ്പ് ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി . സെന്റർ പ്രസിഡന്റ് ബ്രദർ ജസ്റ്റിൻ നെടുവേലിൽ അദ്ധ്യക്ഷത വഹിച്ചു. ആറൻമുള MLA വീണാ ജോർജ് ഉത്ഘാടനം നിർവഹിച്ചു. സാമൂഹിക പ്രതിബദ്ധതയോടെ ഇത്തരം സേവനങ്ങൾ ചെയ്യുവാൻ പെന്തക്കോസ്തു യുവജനസംഘടനയ്ക്ക് ഇനിയും കഴിയട്ടെ എന്നവർ ആശംസിച്ചു. സെന്റർ അസോ. മിനിസ്റ്റർ പാസ്റ്റർ T .J ഏബ്രഹാം ആറൻമുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഐഷ പുരുഷോത്തമൻ, വാർഡ് മെമ്പർ ശിവാനന്ദൻ എന്നിവർ ആശംസകൾ അറിയിച്ചു. ആധുനിക സൗകര്യങ്ങളോടു കൂടിയ മൊബൈൽ ലാബിൽ ജനങ്ങളെ സ്ക്രീനിംഗിനു വിധേയരാക്കി വൃക്ക രോഗത്തിന് ആരംഭമുണ്ടോ എന്ന് കണ്ടുപിടിക്കുകയും, ബോധവൽക്കരണം നടത്തുകയുമായിരുന്നു ക്യാമ്പിലൂടെ ചെയ്തത്. ഇപ്രകാരം 160 ലധികം പേർ പേര് രജിസ്റ്റർ ചെയ്ത് പരിശോധനക്കു വിധേയരായി. സെന്റർ സെക്രട്ടറി പാസ്റ്റർ അനിയൻകുഞ്ഞ് ചേടിയത്ത് സ്വാഗതവും, പാസ്റ്റർ ജെയ്സൺ സാം കൃതഞ്ഞ്തയും അറിയിച്ചു. പാസ്റ്റർ ഏബ്രഹാം വർഗ്ഗീസ്, കാലേബ് ജി. ജോർജ്, നെവിൻ മങ്ങാട്ട്, റെയ്സൺ പി. ഏബ്രഹാം, റ്റിജിൻ സി. തങ്കച്ചൻ, ജിനോയി ജോൺ, ജോബിൻ റ്റി. തോമസ്, സുനിൽ പൂപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.

# യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് സംസ്ഥാന വനിതാക്യാമ്പും കൺവൻഷനും

**എറണാകുളം:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 14-ാമത് സംസ്ഥാന വനിതാക്യാമ്പ് 2017 ഏപ്രിൽ 27 വ്യാഴം ഉച്ചയ്ക്ക് 1 മണി മുതൽ 29 ശനി ഉച്ചയ്ക്ക് 1 മണി വരെ എറണാകുളം മനയ്ക്ക കടവിൽ (വീഗാലാൻഡിന് സമീപം) ട്രിനിറ്റി വർഷിപ്പ് സെന്ററിൽ വെച്ച് നടന്നു. 27 വ്യാഴം ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് രക്ഷാധികാരി റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന്റെ വിവിധ സെക്ഷനുകളിലായി പാസ്റ്ററന്മാരായ വർഗ്ഗീസ് ഏബ്രഹാം, സാം.ജി.വർഗ്ഗീസ്, ബിജു.സി. എക്സ്, വൈ.റെജി സഹോദരിമാരായ ലീലാമ്മ ശാമുവേൽ, ശോഭാകാർഡ്സ്, സിസി ബാബു, ഗിരിജാ സാം, ജോളി രാജു, മേഴ്സി തോമസ്, സോജി സാംസൺ, സിന്ധുഗിരിജൻ, ഷേർളി സണ്ണി, ഷീജാ സോളമൻ തുടങ്ങിയവർ പ്രസംഗിച്ചു. ഹോളി ബീറ്റ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## കവിത

### അന്ത്യകാലം

ബേസിൽ വർഗീസ്



ഇനിയെത്ര കാലം ഞാൻ കാത്തിടേണം
കർത്തനാമേശുവിന്നാഗമനം...
"ചേർക്കുവാൻ വേഗം ഞാനെ"ത്തിടുമെ-
ന്നുള്ളതാം വാഗ്ദത്തമേകിയോനെ...
കാണുവാനാശകളേറിടുന്നു-
കാൽവറി ക്രൂശിൽ മരിച്ചവനെ...
പാപമോക്ഷത്തെയെനിക്കു നല്കാൻ-
ക്രൂശിലെൻ പാപം വഹിച്ചവനെ...
ഈ ലോക ജീവിതം നല്കിടുന്ന-
സന്തോഷമേതുമേ വേണ്ടെനിക്കു...
ലോകമാനങ്ങൾ, പുക്ഴചകളോ-
വ്യർത്ഥമായ് മാറിടും, നിശ്ചയമേ...
വസ്തുവകകളെ നേടുവാന്നായേ-
ശുവിൻ നാമമെടുത്തിടുന്നോർ...
ജാതികളോടിണ ചേർന്നിടുന്നു-
വചനത്തിന്നതിരുകൾ മാറ്റിടുന്നൂ...
ആത്മാവിൻ ശക്തി ക്ഷയിച്ചിടുന്നോ-
രധികാര മോഹികളായിടുന്നൂ...
സ്വർഗ്ഗീയദർശനം നഷ്ടമായോരോ-
ടുന്നു ലോകത്തിനിമ്പം തേടി...
പീഡകൾ വിശ്വാസത്യാഗങ്ങളു-
മേറുന്നീ കാലമിതന്ത്യകാലം...
സത്യവിശ്വാസം ത്യജിച്ചിടാതെ-
നിന്നിടാമേശുവിൻ സാക്ഷിയായ് നാം....
യുദ്ധശ്രുതികളും ക്ഷാമങ്ങളുമി-
ന്നാളുകൾ നാമേറെയായ് കേട്ടിടുന്നൂ...
ഓർത്തുകൊള്ളുകിനി നാളുകളേറെയില്ല-
കർത്തൻ വരവിന്നൊരുങ്ങീടുവാൻ...
സ്വർഗ്ഗീയ നാടിന്നായാശയോടെ
കാത്തു നാമീലോകെ പാർത്തിടേണം...
കർത്തൻ തൻ കാഹളം കേട്ടിടുമ്പോൾ-
സർവ്വം ത്യജിച്ചു നാം പോയിടേണം...

അക്ഷര നഗരിയിൽ ആരാധനയ്ക്കായി സ്വാഗതം
കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി സ്വാഗതം.

പാസ്റ്റർ സജി മുട്ടം നേതൃത്വം നൽകുന്നു.
ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം
പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001


# പാസ്റ്റർ കെ. സി. ജോണിന് തിരുവല്ലയുടെ ആദരം



**തിരുവല്ല:** പ്രഭാഷണ വേദിയിൽ 50 വർഷം പിന്നിട്ട ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോണിന് തിരുവല്ലയുടെ ആദരം.

1976 മെയ് മാസത്തിൽ പത്തനംതിട്ടയ്ക്കടുത്ത് മണ്ണാറകുളഞ്ഞിയിൽ തുടങ്ങിയ സുവിശേഷ പ്രഭാഷണം ഇന്നും തുടരുമ്പോൾ ലോകത്തിന്റെ ഏഴ് വൻകരകളിലും സുവിശേഷത്തിന്റെ സാക്ഷിയായതാണ് തന്റെ ജീവിതം. കുട്ടനാട്ടിലെ തലവടിയെന്ന കൊച്ചുഗ്രാമത്തിൽ ഇടയത്ര ഭവനത്തിൽ ജനിച്ച് വളർന്ന് അമേരിക്കയിലെ സിയാറ്റിനിൽ വേദപഠനം പൂർത്തിയാക്കിയ ശേഷം നെടുമ്പ്രത്ത് ഐ.പി.സി. ഗോസ്പൽ സെന്റർ എന്ന സഭയ്ക്ക് തുടക്കം കുറിച്ചു. ലോകമെങ്ങുമുള്ള മലയാളികൾക്ക് പുത്തൻ ദൃശ്യാവിഷ്കാരമൊരുക്കി പവർവിഷൻ എന്ന ചാനലിനും 12 വർഷം മുൻപ് തുടക്കമായി. തിരുവല്ല നഗരസഭ സ്റ്റേഡിയത്തിൽ നടന്ന അനുമോദന സമ്മേളനം ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. ആരും കടന്നുപോകാത്ത തലത്തിൽ വിശ്വാസ യാത്ര നടത്തുമ്പോഴാണ് ആത്മീയ വഴിയിൽ വേറിട്ട വ്യക്തിത്വമായി മാറുന്നതെന്ന് ആന്റോ ആന്റണി പറഞ്ഞു. പാസ്റ്റർ കെ.സി.ജോണിനെ അത്തരത്തിൽ വ്യത്യസ്തനാക്കുന്നതായി അദ്ദേഹം തുടർന്ന് പറഞ്ഞു.

ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിച്ചു. പത്രപ്രവർത്തകനായ ജോജി ഐപ്പ് മാത്യൂസ് എഴുതി പ്രസിദ്ധീകരിച്ച കെ.സി.ജോൺ - പ്രഭാഷണകൃപയുടെ സുവർണ്ണ ജ്വാല എന്ന പുസ്തകത്തിന്റെ പ്രകാശനം നഗരസഭാധ്യക്ഷൻ കെ.വി.വർഗീസ്, പാസ്റ്റർ പി.വി.ഐസക്കിന് നൽകി നിർവഹിച്ചു. സെന്ററിന്റെ അനുമോദനഫലകം വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു തലവടി, സെക്രട്ടറി സുവി.അജു അലക്സ്, ജോയിന്റ് സെക്രട്ടറി ജോസഫ്.പി.സൈമൺ, ട്രഷറർ റോയി ആന്റണി എന്നിവർ ചേർന്ന് നൽകി. ആർ സനൽകുമാർ, ആർ ജയകുമാർ, സതീഷ് ചാത്തങ്കേരി, എൻ.എം.രാജു, ബാബു കൊടുന്തറ, കെ.റ്റി.ജോഷ്വാ, ജേക്കബ് സാമുവൽ, സാംകുട്ടി ചാക്കോ നിലമ്പൂർ, അച്ചൻകുഞ്ഞ് ഇലന്തൂർ, പീറ്റർ മാത്യു വല്ല്യത്ത്, സുധി ഏബ്രഹാം, ലൈജു ജോർജ് കുന്നത്ത് എന്നിവർ പ്രസംഗിച്ചു.

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 09

BELIEVERS JOURNAL

PUBLISHED ON 10/05/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ
State Treasurer-Counselling Dept.
Church of God
Director - Bethel Prayer Ministry
E-mail: vijucgi@gmail.com

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.